بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 5

ലക്കം 15

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഏപ്രിൽ 09/ഹി.ശം. 1399 ശഹാദത്ത് 09/1441 ശഅ്ബാൻ 15


## അല്ലാഹുവിന്റെ വചനം

اِنَّ فِیۡ خَلۡقِ السَّمٰوٰتِ
وَالۡاَرۡضِ وَاخۡتِلَافِ الَّیۡلِ
وَالنَّہَارِ لَاٰیٰتٍ لِّاُولِی الۡاَلۡبَابِ ۝

(آل عمران:191)

‘ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.’

(3:191)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ഒരാൾ ഈ ജമാഅത്തിൽ ചേരുകയും ആ ജമാഅത്തിന്റെ മഹത്ത്വത്തേയും ആദരവിനേയും കുറിച്ച് ചിന്തിക്കാതിരിക്കുകയും അതിന്നെതിരിൽ പണിയെടുക്കുകയും ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ പിടിയിലായിത്തീരുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

‘തന്റെ അയൽവാസിക്കു സ്വഭാവങ്ങളിലുള്ള നല്ല മാറ്റങ്ങൾ കാണിച്ചുകൊടുക്കുന്നവൻ– ആദ്യം ആരായിരുന്നു, ഇപ്പോൾ ആരായിരിക്കുന്നുവെന്ന് കാണിച്ചുകൊടുക്കുന്നവൻ ഒരു അമാനുഷിക സിദ്ധി കാണിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അതിന്റെ സ്വാധീനം അയൽവാസിയുടെമേൽ ഉന്നത നിലയിൽ പതിയുന്നു. എന്തു അഭിവൃദ്ധിയാണ് ഉണ്ടാക്കിയതെന്ന് തങ്ങൾക്കറിയില്ലെന്ന് പറഞ്ഞ് നമ്മുടെ ജമാഅത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു; കറ്റുകെട്ടിപ്പറയുന്നതിലും കഠിനമായ കോപത്തിലും വിദ്വേഷത്തിലും അകപ്പെട്ടിരുക്കുന്നുവെന്ന് അപവാദം പറയുകയും ചെയ്യുന്നു. ഈ ജമാഅത്ത് ഉത്തമമെന്ന് മനസ്സിലാക്കി ഇതിൽ ചേർന്നിട്ടുള്ളവർക്ക് ഇതു നാണക്കേടിനു നിമിത്തമല്ലേ; സുശിക്ഷിതനായ മകൻ തന്റെ പിതാവിന്റെ സൽപേര് പ്രകടിപ്പിക്കുന്നതുപോലെ. കാരണം ബയ്അത്തു ചെയ്യുന്നവൻ മകന്റെ കൽപനയിലാണുള്ളത്. അതുകൊണ്ടാണ് നബി(സ)തിരുമേനിയുടെ പരിശുദ്ധരായ സഹധർമ്മിണിമാരെ ഉമ്മഹാത്തുൽമുഅ്മിനീൻ–സത്യവിശ്വാസികളുടെ മാതാക്കൾ– എന്നു പറഞ്ഞിട്ടുള്ളത്. അതായത് നബി(സ)തിരുമേനി പൊതുമുഅ്മിനീങ്ങളുടെ പിതാവാകുന്നു. ബാഹ്യമായ ജീവിതംകൊണ്ട് ഭൂമിയിൽകൊണ്ടുവരാൻ ശാരീരികമായ പിതാവ് കാരണക്കാരനാണ്. എന്നാൽ, ആത്മീയമായ പിതാവ് ആകാശത്തിൽ കൊണ്ടു പോകുകയും ആ യഥാർഥ കേന്ദ്രത്തിലേക്ക് മടക്കുകയും ചെയ്യുന്നു. വ്യഭിചാരിണികളുടെ അടുക്കൽപോയും ചൂതുകളിച്ചും മദ്യപിച്ചും അല്ലെങ്കിൽ പിതാവിന്റെ ദുഷ്പ്പേരിനു കാരണമാകുന്ന മറ്റെന്തെങ്കിലും പ്രവൃത്തി ചെയ്തും ചുറ്റിക്കറങ്ങി നടക്കുന്ന ഏതെങ്കിലും മകൻ തന്റെ പിതാവിന് ദുഷ്പ്പേരുണ്ടാക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ? ഈ പ്രവൃത്തി ഇഷ്ടപ്പെടുന്ന ഒരാളുമുണ്ടാകുകയില്ലെന്ന് എനിക്കറിയാം. പക്ഷേ, ആ ദുഷ്ടസന്താനം അങ്ങനെ ചെയ്യുമ്പോൾ ജനങ്ങളുടെ നാവ് അടങ്ങിരിക്കുകയില്ല. ഇത് ഇന്നയാളുടെ സന്താനമാണെന്നും ഇവൻ ഇന്നതാണ് ചെയ്യുന്നതെന്നും ജനങ്ങൾ അവന്റെ പിതാവിലേക്ക് ചൂണ്ടിപ്പറയുന്നതായിരിക്കും. അപ്പോൾ ആ ദുഷ്ടസന്താനം സ്വയം പിതാവിന്റെ ദുഷ്പ്പേരിന് നിമിത്തമായിത്തീരുന്നു. ഇപ്രകാരം ഒരാൾ ഈ ജമാഅത്തിൽ ചേരുകയും ആ ജമാഅത്തിന്റെ മഹത്ത്വത്തേയും ആദരവിനേയും കുറിച്ച് ചിന്തിക്കാതിരിക്കുകയും അതിന്നെതിരിൽ പണിയെടുക്കുകയും ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ പിടിയിലായിത്തീരുന്നു. കാരണം അവൻ അവനെ മാത്രമല്ല നാശത്തിൽ ഇടുന്നത് പ്രത്യുത മറ്റുള്ളവർക്ക് ഒരു ചീത്ത മാതൃകയായി അവരെ സൗഭാഗ്യത്തിന്റേയും സന്മാർഗത്തിന്റേയും വഴിയിൽനിന്ന് തടയുകയാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങൾക്കെത്രത്തോളം ശക്തിയുണ്ടോ അല്ലാഹുവിനോടു സഹായം തേടുക. നിങ്ങളുടെ സകല കഴിവും ധൈര്യവുംകൊണ്ട് നിങ്ങളുടെ ദൗർബല്യങ്ങൾ അകറ്റാൻ ശ്രമിക്കുക. പരാജയപ്പെടുന്നിടങ്ങളിൽ സത്യവും ദൃഢവിശ്വാസവുംകൊണ്ട് കൈ ഉയർത്തുക. കാരണം ഭയഭക്തിയോടും കീഴൊതുക്കത്തോടുംകൂടി ഉയർന്ന കൈ–അത് സത്യസന്ധതയുടേയും ദൃഢവിശ്വാസത്തിന്റേയും പ്രേരണയാലാണ് ഉയരുന്നത് മടക്കപ്പെടുകയില്ല. നമ്മുടെ ആയിരക്കണക്കിന് ദുആകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്നും സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും നാം അനുഭവംകൊണ്ടാണ് പറയുന്നത്.’ (മൽഫൂദാത്ത് വാള്യം 1, പേജ് 126, ഖാദിയാൻ 2018)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളബംരം ചെയ്യുകയാണ്:

“അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. (മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഓരോ അഹ്മദിയുടേയും മുഖത്തിനുപിന്നിൽ അഹ്മദിയ്യത്തിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഇസ്ലാമിന്റേയും അഭിമാനമുണ്ടെന്ന് ഓർക്കുക

2019 സെപ്റ്റംബർ 27,28,29 തിയതികളിൽ സംഘടിപ്പിച്ച 50–ാമത്
ടാൻസാനിയ ജൽസസാലാനയിൽ അമീറുൽ മുഅ്മിനീന്റെ പ്രത്യേക സന്ദേശം

**ബിസ്മില്ലാഹിർറഹ്മാനിർഹീം**

*നഹ്മദുഹൂ വ നുസല്ലീ അലാ റസൂലിഹിൽകരീം*
*വ അലാ അബ്ദിഹിൽ മസീഹിൽ മൗഊദ്*

*ഖുദാകെ ഫള്ൽ ഔർ റഹം കെ സാഥ്*
*ഹുവന്നാസിർ*

ടാൻസാനിയായിലെ എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ!

*അസ്സലാമു അലയ്ക്കും. വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.*

നിങ്ങൾ 2019 സെപ്റ്റംബർ 27, 28, 29 തിയതികളിൽ നിങ്ങളുടെ ജൽസസാലാന സംഘടിപ്പിക്കാൻ പോകുന്നുവെന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. അല്ലാഹു നിങ്ങളുടെ ഈ ജൽസയെ മഹത്തായ വിജയങ്ങൾകൊണ്ട് അനുഗ്രഹിക്കുമാറാകട്ടെ. പങ്കെടുക്കുന്ന എല്ലാവരും ഈ ആത്മീയ ജൽസയുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുമാറാകട്ടെ. നിങ്ങളെല്ലാവരും നന്മയിലും ആത്മാർഥതയിലും ഈശ്വരഭക്തിയിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടു പോകുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ പ്രവേശിച്ചതിനു ശേഷം അല്ലാഹു നമുക്കു പ്രദാനം ചെയ്തിട്ടുള്ള നിഅ്മത്തുകളിലും ബർക്കത്തുകളിലുംപെട്ട ഒരു മഹത്തായ നിഅ്മത്താണ് ഈ സമ്മേളനം. ഇതിനു നമ്മൾ ജൽസസാലാന എന്നു പേരു നല്കുന്നു. ഈ സമ്മേളനം മുഖേന നമുക്ക് നമ്മുടെ ആത്മീയപരവും ധാർമികപരവുമായ നിലവാരം ഉയർത്താനും നമ്മുടെ മനസ്സുകളെ ശുദ്ധീകരിക്കാനും നമ്മുടെ അറിവ് വർധിപ്പിക്കാനും അതുപോലെതന്നെ അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റാനും വ്യത്യസ്തമായ അവസരം ലഭിക്കുന്നു. ഇതുമുഖേന നമ്മൾ തഖ്വാ അഥവാ ഈശ്വരഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു.

ഈ മൂന്നു ദിവസത്തിന്നിടയിൽ നമുക്ക് ദുൻയാവിനോടുള്ള സ്നേഹം പൂർണമയും ഉപേക്ഷിച്ച് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മുന്തിക്കേണ്ടതായി വരും. നമ്മുടെ സ്രഷ്ടാവിനെ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതായിവരും. അതുകൊണ്ടു ജൽസയുടെ ഉദ്ദേശ്യം ദൈവപ്രീതി കരസ്ഥമാക്കലാണെന്ന് ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാ ഓരോരുത്തരും– പുരുഷനാകട്ടെ സ്ത്രീയാകട്ടെ നല്ലവണ്ണം ഓർക്കുക. ഈ ജൽസയിൽ പങ്കെടുക്കുന്നതിന് നിങ്ങൾക്ക് കലർപില്ലാത്ത നിയ്യത്തുണ്ടാകണം. നിങ്ങൾ ഇതിൽ പങ്കെടുത്ത് ഈശ്വരഭക്തിയിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുക. ഉന്നതമായ സൽസ്വഭാവങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കുക. ഈ വിചാരമില്ലെങ്കിൽ ജൽസയിൽ പങ്കെടുക്കുന്നത് തികച്ചും നിഷ്ഫലമാണ്. അല്ലാഹുവിന്റെ ഫള്ലും കറമുംകൊണ്ട് അഹ്മദികൾക്ക് സൽമാതൃക കാണിക്കുന്നതിനും സൽക്കർമങ്ങൾ ചെയ്യാൻ ശ്രദ്ധ ക്ഷണിക്കുന്നതിനും ലോകത്തിന്റെ മുക്കിലും മൂലയിലും നമ്മുടെ ജൽസ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു പ്രത്യേക ആത്മീയാന്തരീക്ഷം നമുക്കുവേണ്ടി ഉണ്ടാക്കപ്പെടുന്നു; നമ്മൾ എല്ലാ ഓരോ കർമവുംകൊണ്ട് അല്ലാഹുവിന്റെ പ്രീതി പ്രകടമാക്കുന്നതിന്. ഈ ഉദ്ദേശ്യ സാഫല്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു:

'അല്ലാഹുതന്നെ '*ലാ തുൽഹീഹിം തിജാറത്തുൻ വ്വലാ ബയ്ഉൻ അൻദിക് രില്ലാഹ്'* എന്നു പറഞ്ഞ ആളുകളാണ് അല്ലാഹുവിന്റെ നിഷ്കളങ്കരായ ദാസർ. അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ ഒരു കച്ചവടത്തിനും ഒരു കൊടുക്കൽ വങ്ങലിനും സാധിക്കുകയില്ല.(24:38)

അതുകൊണ്ട് അല്ലാഹുവിനെ നല്ലവണ്ണം സ്മരിച്ചുകൊണ്ടിരിക്കുക. ജൽസയുടെ പരിപാടികൾക്കിടയിലും ഇടവേളകളിലും രാത്രികളിലും ദുആകൾ ചെയ്യുക. ഗൃഢഗാഢമായ ഒരു പ്രതിജ്ഞ ചെയ്യുക. 'അല്ലാഹുവേ! ഞങ്ങൾ സദുദ്ദേശ്യത്തോടുകൂടി ഈ ജൽസയിൽ പങ്കെടുക്കുകയാണ്. ഇത് നിന്റെ പ്രത്യേകമായ സഹായവും ഇംഗിതവും അനുസരിച്ചാണ് സ്ഥാപിതമായിട്ടുള്ളത്. ഞങ്ങൾ നിന്റെ സമ്പ്രീതി കരസ്ഥമാക്കുന്നതിനും അധികമധികമായി നിന്നെ സ്മരിക്കുന്നതിനും നിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനും ഈ ജൽസിൽ പങ്കെടുക്കുകയാണ്. നീ ഈ ജൽസയോടൊപ്പം വെച്ചിട്ടുള്ള സകല ബർക്കത്തുകളിൽനിന്നും ഞങ്ങൾക്കു വിഹിതം തന്നാലും. നീ ആഗ്രഹിക്കുന്ന പരിവർത്തനം ഞങ്ങളിലുണ്ടാക്കിയാലും. അതിനുവേണ്ടി നീ നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയെ ഈ ലോകത്ത് അയച്ചു; ഞങ്ങൾ സത്യഹൃദയത്തോടുകൂടി അദ്ദേഹത്തിന്റെ ബയ്അത്ത് പ്രതിജ്ഞയിൽ ചേരുന്നതിന്.'

ജൽസയുടെ ഈ മൂന്നു ദിവസത്തിനുശേഷം നിങ്ങൾക്ക് ഭൗതിക കാര്യങ്ങളിലേക്ക് മടങ്ങേണ്ടി വരുന്നതായിരിക്കും. എങ്കിലും ജൽസയിൽ പങ്കെടുക്കുക എന്നത് നിങ്ങൾക്ക് ഫലപ്രദമാകുന്നത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ടുപോകുമ്പോഴാണ്. എല്ലാ അവസ്ഥയിലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കേണ്ടതായിവരും. ഓരോ അഹ്മദിയുടേയും മുഖത്തിനുപിന്നിൽ അഹ്മദിയ്യത്തിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഇസ്ലാമിന്റേയും അഭിമാനമുണ്ടെന്ന് ഓർമിക്കേണ്ടതായി വരും.

അല്ലാഹു നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളിൽ നിലകൊള്ളാൻ തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങളുട ജൽസയെ എണ്ണമറ്റ വിജയങ്ങൾ നല്കി അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും ഇതിലെ പരിപാടികളിൽനിന്ന് സമ്പൂർണമായ നിലയിൽ ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങൾക്ക് ബയ്അത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. നിങ്ങൾ എന്നെന്നും അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുസരണശാലികളായിരിക്കുമാറാകട്ടെ. അല്ലാഹു നിങ്ങളുടെ ജീവിതങ്ങളിൽ യഥാർഥ മാറ്റം കൊണ്ടുവരുമാറാകട്ടെ. അത് നന്മയിലും തഖ്വയിലും ഇസ്ലാമിനും മനുഷ്യകുലത്തിനും വേണ്ടിയുള്ളസേവനത്തിലും വർധന ഉണ്ടാക്കുന്നതായിരിക്കട്ടെ. നിങ്ങളെല്ലാവരിലും അല്ലാഹു അവന്റെ കൃപ ചൊരിയുമാറാകട്ടെ.

വസ്സലാം
വിനീതൻ

**മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

(2019 ഒക്ടോബർ 15 ന് പ്രസിദ്ധീകരിച്ച അൽഫള്ൽ ഇന്റർനാഷണൽ പത്രത്തോട് കടപ്പാട്. )

## അല്ലാഹുവിന്റെ പരീക്ഷണം

"വലിയ്യുമാരുടെ വചനങ്ങൾ മുഖേന അല്ലാഹു ചിലരെ പരീക്ഷിക്കുന്നുവെന്നുള്ളതാണ് അവന്റെ മറ്റൊരു സമ്പ്രദായം. അത്തരക്കാർ ചിന്തിക്കുകയോ കാര്യങ്ങൾ ഗ്രഹിക്കുകയോ ചെയ്യുകയില്ല. ആ വലിയ്യുമാർ വഴിയായി പലർക്കും മാർഗഭ്രംശം സംഭവിക്കുകയും പലരും സന്മാർഗം സ്വീകരിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് അവന്റെ വിധി. അഹങ്കാരംകൊണ്ട് തലപൊക്കിനടക്കുന്നവരും ഹൃദയത്തിൽ അഹംഭാവമുളളവരും അന്ത്യനാളിനെ ഭയപ്പെടാത്തവരുമാണ് ഇങ്ങനെ വഴിപിഴച്ചുപോകുന്നത്."

(മവാഹിബുർറഹ്മാൻ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ), മലയാള പരിഭാഷ പേജ് 6)


**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25–7–2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

# ഖുത്ബ ജുമുഅ

ഉഹുദ് യുദ്ധത്തിലെ ധ്വജവാഹകൻ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)
പതാകയുടെ സംരക്ഷണത്തിന്റെ കടമ നല്ലവണ്ണം നിറവേറ്റി.

**“മുസ്അബ്(റ) മക്കയുടെ പുറത്ത് നിയമിതനായ ആദ്യത്തെ ഇസ്‌ലാമിക മുബല്ലിഗായിരുന്നു.”**

ഒന്നാം അഖബ ബയ്അത്തിന്റെ അവസരത്തിൽ മദീനയിൽനിന്ന് വന്ന പന്ത്രണ്ടുപേരുടെ,
തങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയില്ലെന്നും മോഷ്ടിക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും
പെൺമക്കളെ കൊലചെയ്യുകയില്ലെന്നും പരസ്പരം അപവാദം പറയുകയില്ലന്നും അല്ലാഹുവിന്റെ നബിയുടെ
എല്ലാ നല്ലതീരുമാനങ്ങളും അനുസരിക്കുമെന്നുമുള്ള കാര്യത്തിൽ നബി(സ)തിരുമേനിയുടെ കൈയിൽ ബയ്അത്ത്.

ഉഹുദു യുദ്ധാവസരത്തിൽ ഇസ്‌ലാമിക സൈന്യത്തിന്റെ ധ്വജവാഹകനായ അവസ്ഥയിൽ ശഹാദത്തിന്റെ
പദവി കരസ്ഥമാക്കിയ ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്‌രി സ്വഹാബി
ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ അനുഗൃഹീത ജീവിതത്തിന്റെ ചർച്ച

കൊറോണ വൈറസിലൂടെ ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന
പകർച്ചവ്യാധി തടയാൻ മുൻകരുതലിനുള്ള ഉപദേശവും ദുആയിൽ മുഴുകാനുള്ള ആഹ്വാനവും

പാക്കിസ്താനിൽ അതിദാരുണമായി വധിക്കപ്പെട്ട തൻസീൽ അഹ്മദിന്റേയും റാവൽപിണ്ടി
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുൻ അമീർ ബ്രഗേഡിയർ ബശീർ അഹ്മദ് സാഹിബിന്റേയും
ഡോക്ടർ ഹമീദുദ്ദീൻ സാഹിബന്റേയും വഫാത്തും അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2020 മാർച്ച് 06/1399 അമാൻ 06,**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ(സർറെ) യു,കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ(റ) കുറിച്ചായിരുന്നു വിവരിച്ചത്. അതിന്റെ കുറച്ചുഭാഗം വിവരിക്കാനുണ്ടായിരുന്നു. അത് ഇന്ന് വിവരിക്കുന്നതാണ്.

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനെ(റ) മദീനയിലേക്കു മുബല്ലിഗായി അയച്ചതിനെക്കുറിച്ചും അദ്ദേഹത്തിന്റെ സേവനങ്ങളെക്കുറിച്ചും വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: “ഇതിനിടയിൽ, മക്കയിൽ നിന്ന് ഒഴിഞ്ഞു പോകാനിടയായേക്കുമെന്ന സൂചന നൽകുന്ന വെളിപാടുകൾ നബി(സ) തിരുമേനിക്ക് ലഭിച്ചു കൊണ്ടിരുന്നു. തങ്ങൾക്ക് കുടിയേറിത്താമസിക്കേണ്ട സ്ഥലത്തെക്കുറിച്ചുള്ള ഏതാണ്ടൊരു രൂപവും നൽകപ്പെട്ടു.

കിണറുകളും ഈത്തപ്പഴത്തോട്ടങ്ങളും ധാരാളമുള്ള ഒരു നഗരം. യമാമയായിരിക്കാം അതെന്നു നബി(സ)തിരുമേനി സംശയിച്ചു. അതല്ലെന്നു വേഗത്തിൽ മനസ്സിലായി. ഏങ്ങോട്ടു പോകേണ്ടി വന്നാലും അവിടം ഇസ്‌ലാമിന്റെ രക്ഷാനിലയമായി മാറുമെന്ന ഉറച്ച വിശ്വാസത്തിൽ അദ്ദേഹം ആശ്വാസം കൊണ്ടു.

ഹജ്ജ് അടുത്തെത്തി. അറേബ്യയുടെ നാനാ ഭാഗങ്ങളിൽ നിന്ന് തീർഥാടകർ മക്കയിൽ എത്തിച്ചേരാൻ തുടങ്ങി. നബി(സ)തിരുമേനി ആൾക്കൂട്ടം കാണുന്നിടത്തൊക്കെ ചെന്നു ഏകദൈവതത്ത്വം പ്രബോധനം ചെയ്യുകയും എല്ലാ തരത്തിലുള്ള അത്യാചാരങ്ങളും കൈയൊഴിക്കാൻ ഉപദേശിക്കുകയും ‘ദൈവരാജ്യ’ത്തിനു വേണ്ടി വഴിയൊരുക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ചിലർ അതു ശ്രദ്ധിച്ചു കേട്ടു; അതിൽ താൽപര്യം കാണിച്ചു. മറ്റുചിലർ കേൾക്കാൻ ഇഷ്ടപെട്ടുവെങ്കിലും മക്കക്കാർ അവരെ പറഞ്ഞകറ്റി. വേറെ ചിലരാകട്ടെ, മുമ്പേതന്നെ കള്ളമെന്നു മനസ്സിൽ ഉറപ്പിച്ചിരുന്നതിനാൽ അധിക്ഷേപവർഷം ചൊരിഞ്ഞു കൊണ്ടിരുന്നു. മിനായിൽ ജനങ്ങൾ സമ്മേളിച്ചിരിക്കെ, ആറേഴു പേരടങ്ങിയ ഒരാൾക്കൂട്ടത്തെ നബി(സ)തിരുമേനി ഒരിടത്ത് കണ്ടു. ജൂതന്മാരുമായി സഖ്യത്തിലുള്ള ഖസ്റജ് ഗോത്രത്തിൽപ്പെട്ടവരാണ് അവരെന്നു മനസ്സിലാക്കി. തനിക്ക് പറയാനുള്ള ചില കാര്യങ്ങൾ കേൾക്കാൻ ദയവുണ്ടാകുമോ എന്നു നബി(സ)തിരുമേനി അവരോടു അന്വേഷിച്ചു. നബി(സ)തിരുമേനിയെപ്പറ്റി അവർ കേട്ടിരുന്നു. അതിനാലവർ താല്പര്യം കാണിക്കുക തന്നെ ചെയ്തു. നബി(സ)തിരുമേനി അവരോടു പറഞ്ഞു: “ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു. ബിംബങ്ങളെല്ലാം അപ്രത്യക്ഷമാകാൻ അടുത്തിരിക്കുകയാണ്. ഏകദൈവതത്ത്വം വിജയക്കൊടി പറപ്പിക്കാൻ പോകുന്നു. ഭക്തിയും വിശുദ്ധിയും ഒരിക്കൽകൂടി വിജയിച്ചരുളും. ഈ സന്ദേശം മദീനയിൽ സ്വാഗതം ചെയ്യപ്പെടുമോ എന്നു ഞാൻ അറിയാനാഗ്രഹിക്കുന്നു.” ആ ചെറുസംഘം നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിലും വാക്കുകളിലും അത്യന്തം ആകൃഷ്ടരായി. അവർ സന്ദേശം സ്വീകരിക്കുകയും ചെയ്തു. മദീനയിൽ മടങ്ങിയെത്തിയാൽ തങ്ങൾ മറ്റുള്ളവരുമായി കൂടിയാലോചിച്ചു മക്കത്ത് നിന്നുള്ള മുസ്‌ലിം അഭയാർഥികളെ സ്വീകരിക്കാൻ മദീനക്കാർ ഒരുക്കമാണോ എന്ന കാര്യം വരും കൊല്ലം അറിയിക്കാമെന്നു അവർ വാക്കു നൽകി.

മദീനയിൽ തിരിച്ചെത്തിയപ്പോൾ സ്നേഹിതന്മാരുമായും ബന്ധുക്കളുമായും അവർ ചർച്ചകൾ നടത്തി. അന്ന്, രണ്ടു അറബ് ഗോത്രങ്ങളും മൂന്നു ജൂതഗോത്രങ്ങളുമാണ് മദീനയിലുണ്ടായിരുന്നത്. അറബ് ഗോത്രങ്ങൾ ഔസും ഖസ്റജും ജൂതഗോത്രങ്ങൾ ബനൂനദീറും ബനൂഖയ്നുഖാഉം തന്നെ. ഔസും ഖസ്റജും അന്യോന്യം സമരത്തിലായിരുന്നു. ബനൂഖുറയ്ളയും ബനൂനദീറും ഔസ് ഗോത്രവുമായും ഖയ്നുഖാഅ്, ഖസറജ് ഗോത്രവുമായും സഖ്യത്തിലുമായിരുന്നു. നിരന്തരം പൊരുതിക്കൊണ്ടിരുന്ന അവർ തളർന്നു മടുത്തപ്പോൾ സന്ധിയായാൽ കൊള്ളാമെന്നു ആശിച്ചു. അങ്ങനെ, ഖസ്റജ് ഗോത്രത്തിലെ പ്രമാണിയായ അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂലിനെ മദീനത്തെ രാജാവായി വാഴിക്കാമെന്ന് ഒടുവിൽ അവരെല്ലാം ഒരു ധാരണയിലെത്തിച്ചേർന്നു. ഔസ്, ഖസ്റജ് ഗോത്രങ്ങൾ ബൈബിളിലെ ചില പ്രവചനങ്ങളെപ്പറ്റി ജൂതന്മാരിൽ നിന്നു കേട്ടറിഞ്ഞിട്ടുണ്ടായിരുന്നു. ഇസ്റായീലിന്റെ നഷ്ടപ്പെട്ട പ്രതാപത്തെ പറ്റിയുള്ള ജൂതകഥകളും ‘മോശയെപ്പോലുള്ള’ ഒരു പ്രവാചകന്റെ അവതാരത്തെ പറ്റിയുള്ള പ്രവചനവും അവർ കേട്ടിട്ടുണ്ടായിരുന്നു. ഈ അവതാരകാലം വന്നടുത്തുവെന്നു ജൂതന്മാർ പറയാറുണ്ടായിരുന്നു. ഇസ്റായീലിന്റെ മഹിമ വീണ്ടുകിട്ടുകയും അവരുടെ ശത്രുക്കളെല്ലാം നശിച്ചൊടുങ്ങുകയും ചെയ്യാൻ പോകുന്നതിന്റെ സൂചനയായി അവർ അതിനെ കരുതി. മദീനാവാസികൾ ഈ പ്രവാചകനെ കുറിച്ചു കേട്ടപ്പോൾ ആകൃഷ്ടരാവുകയും തങ്ങൾ ജൂതന്മാരിൽ നിന്നു പറഞ്ഞുകേട്ട “ആ പ്രവാചകൻ” ഈ മക്കാ പ്രവാചകൻ തന്നെയല്ലേ എന്നു ചോദിച്ചു തുടങ്ങുകയും ചെയ്തു. യുവജനങ്ങളിൽ ധാരാളം പേർ വിശ്വാസികളായി മാറി. അടുത്ത വർഷത്തെ ഹജ്ജിൽ മദീനത്തുകാരായ പന്ത്രണ്ടു പേർ നബിയുടെ സംഘത്തിൽ ചേരാൻ മക്കത്തെത്തി. ഇവരിൽ പത്തു പേർ ഖസ്റജ് ഗോത്രത്തിൽപെട്ടവരും രണ്ടുപേർ ഔസ് ഗോത്രക്കാരും ആയിരുന്നു. മിനാ താഴ്‌വരയിൽവച്ചു അവർ നബി(സ)തിരുമേനിയെ കണ്ടു. നബിയുടെ കൈപിടിച്ചുകൊണ്ടു

അവർ ഏകദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുകയും, ശിശുവധത്തിൽ നിന്നും പരസ്പരമുള്ള ദുരാരോപണം തുടങ്ങിയ മറ്റെല്ലാ തിന്മകളിൽ നിന്നും വിട്ടൊഴിയുമെന്നു പ്രതിജ്ഞയെടുക്കുകയും ചെയ്തു. എല്ലാ സൽക്കാര്യങ്ങളിലും തിരുനബിയെ പൂർണ്ണമായും അനുസരിക്കുമെന്നും അവർ തീർച്ചപ്പെടുത്തി. മദീനയിൽ തിരിച്ചെത്തിയപ്പോൾ അവർ പുതിയ മതത്തെപ്പറ്റി മറ്റുള്ളവരോടു സംസാരിച്ചു. എവിടെയും ചർച്ചകളായി. ആവേശം അലയടിച്ചുയർന്നു. ക്ഷേത്രങ്ങളിലെ ശ്രീകോവിലുകളിൽനിന്നു വിഗ്രഹങ്ങൾ തെരുവുകളിലേക്കു വലിച്ചെറിയപ്പെട്ടു. മൺപ്രതിമകൾക്കു മുമ്പിൽ ഉത്തമാംഗം കുനിച്ചവർ തല ഉയർത്തിപ്പിടിച്ചു നടന്നു. സത്യേകദൈവത്തിനല്ലാതെ മറ്റൊരു ശക്തിക്ക് മുമ്പിലും തല കുനിക്കില്ലെന്ന് അവർ ദൃഢനിശ്ചയം ചെയ്തു. ജൂതന്മാർക്കു ആശ്ചര്യം തോന്നി. നൂറ്റാണ്ടു കാലത്തെ സൗഹൃദ ബന്ധങ്ങൾക്കും ഉദ്ബോധനങ്ങൾക്കും ചർച്ചകൾക്കും കൈവരുത്താൻ കഴിഞ്ഞിട്ടില്ലാത്ത ഒരു മാറ്റമിതാ മക്കയിലെ ഈ ഗുരുവര്യൻ ദിവസങ്ങൾ കൊണ്ടു സാധിച്ചിരിക്കുന്നു! മദീനത്തുകാർ മുസ്‌ലിമീങ്ങളായിക്കഴിഞ്ഞവരെ സമീപിച്ചു ഇസ്‌ലാമിനെ കുറിച്ചു ആരാഞ്ഞു തുടങ്ങി. വർധിച്ചു വരുന്ന സത്യാന്വേഷകർക്കെല്ലാം ഇസ്‌ലാമിക ജ്ഞാനം പകർന്നു കൊടുക്കാൻ മാത്രം ആളുകളോ അറിവോ മുസ്‌ലിമീങ്ങൾക്കുണ്ടായിരുന്നില്ല. ഇസ്‌ലാം മതം പഠിപ്പിക്കുന്നതിനു ആരെയെങ്കിലും അയച്ചു കിട്ടുന്നതിന് നബിയോടപേക്ഷിക്കുവാൻ മദീനക്കാർ തീരുമാനിച്ചു. നബി(സ)തിരുമേനി മുസ്അബിനെ അയച്ചു കൊടുക്കാൻ സമ്മതിച്ചു. മുസ്അബ് അബീസീനിയയിൽ പോയ മുസ്‌ലിം സംഘത്തിൽ ഉൾപ്പെട്ടിരുന്ന ആളത്രെ. അദ്ദേഹമാണ് മക്കത്ത് നിന്നു പുറംദേശത്തേയ്ക്കു പോയ ആദ്യത്തെ മുസ്‌ലിം മിഷണറി.'(ദീബാച്ചയെ തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ്214-216)

ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു സ്ഥലത്ത് പറയുന്നു: 'മദീനക്കാർ ഇസ്‌ലാമിനെ കുറിച്ചറിഞ്ഞപ്പോൾ ഒരു ഹജ്ജിന്റെ അവസരത്തിൽ ചില മദീനക്കാർ നബി(സ)തിരുമേനിയെ കാണുകയും നബി(സ)തിരുമേനി സത്യവാനാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അവർ തിരിച്ചുപോയി തങ്ങളുടെ ജനതയോടു ഇക്കാര്യം പറഞ്ഞു. ഏതൊരു ദൈവദൂതനാണോ വരുമെന്ന് യഹൂദികൾ മദീനയിൽ പ്രചരിപ്പിച്ചിരുന്നത് ആ ദൂതൻ മക്കയിൽ ജനിച്ചിരിക്കുന്നു. അതുകേട്ട് അവരുടെ മനസ്സുകളിൽ നബി(സ)തിരുമേനിയോടു താൽപര്യമുണ്ടായി. അവർ രണ്ടാമത്തെ ഹജ്ജിൽ ഒരു സംഘം രൂപീകരിച്ച് നബി(സ) തിരുമേനിയുടെ അടുത്തേക്ക് അയച്ചു. ആ സംഘം നബി(സ)തിരുമേനിയുമായി ചർച്ച നടത്തിയപ്പോൾ ആ മഹാത്മാവിൽ വിശ്വസിച്ചു. നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്തു. അക്കാലത്ത് മക്കയിൽ നബി(സ)തിരുമേനിക്ക് കഠിനമായ എതിർപാണുണ്ടായിരുന്നത്. ഈ കൂടിക്കാഴ്ച ഒരു താഴ്‌വരയിൽ മക്കക്കാർ അറിയാതെ രഹസ്യമായിട്ടാണ് നടന്നത്. അവിടെത്തന്നെയാണ് ബയ്അത്തും നടന്നത്. അതുകൊണ്ട് അതിനെ 'അഖബ ബയ്അത്ത്' എന്നു പറയുന്നു.' അഖബ എന്നതിന്റെ അർഥം ബുദ്ധിമുട്ടിപ്പോകുന്ന മലയിടുക്ക് അല്ലെങ്കിൽ മല എന്നാണ്. ഏനക്കേടു പിടിച്ച മലയോര വഴി. അങ്ങനെ നബി(സ)തിരുമേനി അവരെ മദീനയിലെ സത്യവിശ്വാസികളുടെ സംഘടനയുടെ ഓഫീസർമാരാക്കി. ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ താക്കീതു ചെയ്യുകയും ചെയ്തു. അവരെ സഹായിക്കാൻ തന്റെ യുവസ്വഹാബി മുസ്അബ് ബിൻ ഉമയ്റിനെ അയച്ചു; മുസ്‌ലിമീങ്ങളെ ദീൻ പഠിപ്പിക്കാൻ!......ഇവർ പോകുമ്പോൾ നബി(സ) തിരുമേനിയെ മക്ക ഉപേക്ഷിക്കേണ്ടിവന്നാൽ മദീനയിൽ വരണമെന്ന് ക്ഷണിക്കുകയും ചെയ്തു. ഇവർ തിരിച്ചുപോയപ്പോൾ കുറച്ചു കാലം കൊണ്ട് മദീനക്കാരിൽ ഇസ്‌ലാം വ്യാപിച്ചു. നബി(സ)തിരുമേനി കുറച്ചു വേറെ സ്വഹാബിമാരെ മദീനയിൽ അയച്ചു. അവരിൽ ഹദ്റത്ത് ഉമറുമുണ്ടായിരുന്നു.......അതിനുശേഷം ഹിജ്റത്തിന്റെ കല്പന കിട്ടിയപ്പോൾ അവടന്നുതന്നെയും അവിടേക്കു പോയി. അവിടന്ന് പോയി കുറച്ചുകാലംകൊണ്ട് മുശ്രിക്കീങ്ങളായ എല്ലാ മദീനക്കാരും മുസ്‌ലിമീങ്ങളായി.' (തഫ്സീർ കബീർ വാല്യം 1, പേജ് 171)(ഫർഹംങ്ങെ സീറത്ത് പേജ് 203, 'അഖബ' ദാറു അക്കാഡമി പബ്ലക്കേഷൻസ് കറാച്ചി 2003)

മദീന ഹിജ്റത്തിനു ശേഷം നബി(സ)തിരുമേനി, ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനേയും ഹദ്റത്ത് അയ്യൂബ് അൻസ്വാരിയേയും സഹോദരന്മാരാക്കി.(അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 3, പേജ് 88, മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ മുഹാജിറുകളുടെ വലിയ പതാക മുസ്അബ് ബിൻ ഉമയ്റിന്റെ കൈയിലായിരുന്നു. അത് നബി(സ)തിരുമേനി അദ്ദേഹത്തിനു നൽകിയതായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 89, മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്, അത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തുഖാത്തമുന്നബിയ്യീനിൽ എഴുതിയതാണ്. അതായത് ഉഹുദ് യുദ്ധത്തിലും മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ കൈയിലായിരുന്നു.

'നബി(സ)തിരുമേനി ഇസ്‌ലാമിക സൈന്യത്തെ അണിനിരത്തി. വിവിധ സംഘങ്ങൾക്ക് വെവ്വേറെ അമീർമാരെ നിശ്ചയിച്ചു. ഖുറയ്ശീ സൈന്യത്തിന്റെ പതാക ത്വൽഹായുടെ കൈയിലാകണമെന്ന വിവരം നബി(സ)തിരുമേനിയെ അറിയിച്ചു. ഖുറയ്ശികളുടെ അവകാശത്തിന്റെ പൂർവകാല ഉടമസ്ഥനായ ഖുസ്വയ്യ് ബിൻ കിലാബ് സ്ഥാപിച്ച വ്യവസ്ഥ അനുസരിച്ച് യുദ്ധങ്ങളിൽ ഖുറയ്ശികളുടെ പതാക പിടിക്കാൻ യോഗ്യരായ കുടുംബവുമായി ബന്ധമുള്ള ആളായിരുന്നു ത്വൽഹ. ഇതറിഞ്ഞപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ദേശീയതയോടുള്ള കൂറുകാണിക്കാൻ കൂടുതൽ അവകാശപ്പെട്ടത് ഞങ്ങളാണ്. അങ്ങനെ അവിടന്ന് ഹദ്റത്ത് അലി(റ)യിൽനിന്ന് മുഹാജിരീങ്ങളുടെ പതാക വാങ്ങി മുസ്അബ് ബിൻ ഉമയ്റിനെ ഏല്പിച്ചു. അദ്ദേഹം ത്വൽഹയുമായി ബന്ധമുള്ള കുടുംബത്തിലെ അംഗമായിരുന്നു.'(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 488)

ഉഹുദു യുദ്ധത്തിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ) ശഹീദായി. ഉഹുദ് യുദ്ധ ദിവസത്തിൽ നബി(സ)തിരുമേനിയുടെ മുന്നിൽ നിന്നു അദ്ദേഹം പോരാടുകയായിരുന്നു. അങ്ങനെ പോരാടിക്കൊണ്ട് അദ്ദേഹം ശഹീദായി. ഇബ്നു ഖമീഅ യാണ് അദ്ദേഹത്തെ ശഹീദാക്കിയത്.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 383, ഉഹുദ് യുദ്ധം, മഖ്ത്തൽ മുസ്അബ് ബിൻ ഉമയ്ർ(റ), പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009)

ഉഹുദു യുദ്ധത്തിലെ ധ്വജവാഹകൻ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ പതാക സംരക്ഷണത്തിന്റെ കടമ അർഹിക്കുംവിധം നിറവേറ്റി എന്ന് ചരിത്രത്തിൽ വരുന്നു. ഉഹുദു യുദ്ധ ദിവസം ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ (റ) പതാക പിടിച്ചുകൊണ്ടു നില്ക്കുമ്പോൾ കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്ന ഇബ്നു ഖമീഅ ആക്രമണം നടത്തി പതാകയേന്തിയിരുന്ന ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ വലതു കൈ വെട്ടിമുറിച്ചു. അപ്പോൾ ഹദ്റത്ത് മുസ്അബ്(റ) *വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻഖബ്‌ലിഹിർറുസുൽ* എന്ന ആയത്ത് ഓതിക്കൊണ്ട് പതാക ഇടതു കൈയിലെടുത്തു. അപ്പോൾ ഇബ്നു ഖമീഅ ആക്രമിച്ച് ഇടതുകൈയും വെട്ടിമാറ്റി. അപ്പോൾ അദ്ദേഹം ഇരു കൈത്തണ്ടകളും കൊണ്ട് ഇസ്‌ലാമിന്റെ പതാക നെഞ്ചോടു ചേർത്തു പിടിച്ചു. അതിനുശേഷം ഇബ്നു ഖമീഅ മൂന്നാംതവണയും കുന്തംകൊണ്ട് ആക്രമിക്കുകയും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ന്റെ നെഞ്ചിൽ കുത്തിയിറക്കുകയും ചെയ്തു. കുന്തം പൊട്ടിപ്പോയി. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ നിലത്തു വീണു. അപ്പോൾ ബനൂ അബ്ദുദ്ദാറിൽപ്പെട്ട രണ്ടുപേർ സുവയ്ബിത് ബിൻ സഅ്ദ് ബിൻ ഹർമലയും അബൂറൂം ബിൻ ഉമയ്റും മുന്നോട്ടുവരികയും പതാക അബൂറൂം ബിൻ ഉമയ്ർ കൈയിലേന്തുകയും ചെയ്തു. മുസ്‌ലിമീങ്ങൾ തിരിച്ചു വരികയും മദീനയിൽ പ്രവേശിക്കുകയും ചെയ്യുന്നതുവരെ അത് അദ്ദേഹത്തിന്റെ കൈയിൽത്തന്നെ ഇരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 89, മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ശഹാദത്തിന്റെ നേരത്ത് ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ പ്രായം നാല്പതോ അതിൽ അല്പം കൂടുതലോ ആയിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 5, മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തുഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു: ഖുറയ്ശി സൈന്യം ഏകദേശം നാലുപാടും വളഞ്ഞിരുന്നു. തങ്ങളുടെ ഒന്നിനു പിറകെ ഒന്നായുള്ള ആക്രമണത്താൽ ഓരോ നിമിഷവും അടിച്ചമർത്തിക്കൊണ്ടുപോയി. അതിലും ഒരു പക്ഷേ, മുസ്‌ലിമീങ്ങൾ കുറച്ചു നേരത്തിനു ശേഷം തങ്ങളെ പൂർവസ്ഥിതിയിൽ കൊണ്ടുവരുമായിരുന്നു. എന്നാൽ, ഖുറയ്ശികളിലെ ഒരു വീരനായ പട്ടാളക്കാരൻ അബ്ദുല്ലാഹ് ബിൻ ഖമീഅ, മുസ്‌ലിമീങ്ങളുടെ ധ്വജവാഹകനായ മുസ്അബ് ബിൻ ഉമയ്റിന്റെമേൽ ആക്രമണം നടത്തി. തന്റെ വാളുകൊണ്ട് വെട്ടി അദ്ദേഹത്തിന്റെ വലതുകൈ മുറിച്ചിട്ടു. മുസ്അബ് ക്ഷണത്തിൽ തന്റെ ഇടതുകൈകൊണ്ട് പതാക പിടിച്ചു. ഇബ്നു ഖമീഅയെ നേരിടാൻ മുന്നോട്ടാഞ്ഞു. എന്നാൽ, അയാൾ തന്റെ രണ്ടാമത്തെ ആക്രമണത്താൽ അദ്ദേഹത്തിന്റെ ഇടതു കൈയും വെട്ടിവീഴ്ത്തി. അപ്പോൾ മുസ്അബ് തന്റെ മുറിഞ്ഞുവീണ കൈകളുടെ ബാക്കിഭാഗം കൊണ്ട് പതാക സംരക്ഷിക്കാൻ ശ്രമിച്ചു. അത് നെഞ്ചോടു ചേർത്തുപിടിച്ചു. അപ്പോൾ ഇബ്നു ഖമീഅ അദ്ദേഹത്തിനുമേൽ മൂന്നാമത്തെ ആക്രമണം നടത്തി. ഈ പ്രാവശ്യം മുസ്അബ് ശഹീദായി വീണു. പതാക വേറെ ഏതോ മുസ്‌ലിം മുന്നോട്ടുവന്ന് കൈയിലെടുത്തു. മുസ്അബ്

രൂപംകൊണ്ട് നബി(സ)തിരുമേനിയോട് സാദൃശ്യമുള്ളയാളായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ മുഹമ്മദ്(സ)നെ വധിച്ചിരിക്കുന്നുവെന്ന് ഇബ്നു ഖമീഅ ധരിച്ചു. അല്ലെങ്കിൽ അത് അയാളുടെ ഒരു കുതന്ത്രവുമാകാം. മുസ്അബ് ശഹീദായി വീണപ്പോൾ അയാൾ ബഹളമുണ്ടാക്കിക്കൊണ്ടു പറഞ്ഞു: 'ഞാൻ മുഹമ്മദ്(സ)നെ വധിച്ചിരിക്കുന്നു. ഇതോടെ മുസ്ലിമീങ്ങളുടെ ഉണ്ടായിരുന്ന ധൈര്യവും ഇല്ലാതായി. അവരുടെ കൂട്ടം ചിന്നിചിതറി.'(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 493)

ഉഹുദ് യുദ്ധത്തിൽ മുസ്ലിമീങ്ങൾ പതറാൻ ഇതും ഒരു വലിയൊരു കാരണമായിരുന്നു. എന്നാൽ, വീണ്ടും അവർ ഒത്തുകൂടുകയും ചെയ്തു. നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബിന്റെ മൃതശരീരത്തിനടുത്ത് എത്തിയപ്പോൾ അദ്ദേഹത്തിന്റെ ശരീരം കമിഴ്ന്നുകിടക്കുകയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ അടുത്തു നിന്നുകൊണ്ട് ഈ ആയത്ത് ഓതി: *മിനൽ മുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി ഫ മിൻഹും മൻ ഖളാ നഹ് ബഹൂ വ മിൻഹും മൻയ്യൻതളിർ വമാ ബദ്ദലൂ തബ്ദീലാ*(33:24) അല്ലാഹുവുമായിച്ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ (ജീവനർപ്പിച്ച്)അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ(മറ്റു)ചിലർ (അതിനായി) അവസരം പാർത്തിരിക്കുകയുമാണ്. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല. അതിനുശേഷം നബി(സ) തിരുമേനി പറഞ്ഞു: *ഇന്ന റസൂലല്ലാഹി യശ്ഹദു അന്നക്കുമുശ്ശുഹദാഉ യിൻദല്ലാഹി യൗമൽ ഖിയാമത്തി* അതായത് അല്ലാഹുവിന്റെ റസൂൽ സാക്ഷ്യം വഹിക്കുന്നു, നിങ്ങൾ ഖിയാമത്തുന്നാളിലും അല്ലാഹുവിന്റെ പക്കൽ ശുഹദാആണ്. പിന്നീട് നബി(സ)തിരുമേനി സ്വഹാബത്തിനെ സംബോധന ചെയ്തു പറഞ്ഞു: അവരെ സിയാറത്ത്(സന്ദർശനം) ചെയ്യുക. അവരുടെ മേൽ സലാം ചൊല്ലുക. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഖിയാമത്തുന്നാൾവരെ ആരാണോ അവരുടെമേൽ സലാം ചൊല്ലുന്നത് ഇവർ അവരുടെ സലാമിന് മറുപടി നല്കുന്നതായിരിക്കും. ഹദ്റത്ത് മുസ്അബി(റ)ന്റെ സഹോദരൻ ഹദ്റത്ത് അബൂ റൂം ബിൻ ഉമയ്ർ, ഹദ്റത്ത് സുവയ്ബിത് ബിൻ സഅ്ദും ഹദ്റത്ത് ആമിർ ബിൻ റബീഅയും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ഖബ്റിൽ ഇറങ്ങി.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 89–90, മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സീറത്ത് ഖാത്തമുന്നബിയ്യീനിൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ എഴുതുന്നു: 'ഉഹുദിലെ ശുഹദാക്കളിൽ ഒരാൾ മുസ്അബ് ബിൻ ഉമയ്റയിരുന്നു. ഇസ്ലാമിലെ മുബല്ലിഗായി മദീനയിൽ വന്ന ആദ്യത്തെ മുഹാജിറായിരുന്നു ഇദ്ദേഹം. ജാഹിലിയ കാലഘട്ടത്തിൽ മുസ്അബ് ബിൻ ഉമയ്ർ(റ)മക്കയിലെ യുവാക്കളിൽ ഏറ്റവുമധികം മുന്തിയവസ്ത്രം ധരിച്ചിരുന്ന ആളും സുന്ദരനുമായി മനസിലാക്കപ്പെട്ടിരുന്നു. വലിയ ഐശ്വര്യത്തോടെ ജീവിച്ചിരുന്നു. ഇസ്ലാം സ്വീകരിച്ചശേഷം അദ്ദേഹത്തിന്റെ അവസ്ഥ തികച്ചും മാറിമറിഞ്ഞു. നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനി ഒരിക്കൽ അദ്ദേഹത്തിന്റെ ശരീരത്തിൽ ധാരാളം കണ്ടം വെച്ച് തുന്നിച്ചേർത്ത ഒരു വസ്ത്രം കണ്ടു. അപ്പോൾ നബി(സ)തിരുമേനിക്ക് അദ്ദേഹത്തിന്റെ പഴയകാല ജീവിതം ഓർമ വന്നു. അവിടത്തെ കണ്ണുകൾ നിറഞ്ഞു. ഉഹുദിൽ മുസ്അബ് ബിൻ ഉമയ്ർ ശഹീദായപ്പോൾ അദ്ദേഹത്തിന്റെ ശരീരം മുഴുവൻ മറക്കാൻ പോലും വസ്ത്രമുണ്ടായിരുന്നില്ല. കാലു മൂടുമ്പോൾ തലയും തല മൂടുമ്പോൾ കാലും വെളിവാകുമായിരുന്നു. നബി (സ)തിരുമേനിയുടെ കല്പന പ്രകാരം തല തുണികൊണ്ട് മൂടുകയും കാലുകൾ പുല്ല്വച്ച് മൂടുകയും ചെയ്തു.'(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 501)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ അടുത്ത് നോമ്പുതുറക്കുന്ന നേരത്ത് ഭക്ഷണം കൊണ്ടുവരപ്പെട്ടു. അദ്ദേഹം നോമ്പിലായിരുന്നു. അദ്ദേഹം പറഞ്ഞു: മുസ്അബ് ബിൻ ഉമയ്ർ വധിക്കപ്പെട്ടു. അദ്ദേഹം എന്നെക്കാൾ ഉത്തമനായിരുന്നു. ഒരൊറ്റ പുതപ്പിലാണ് അദ്ദേഹം കഫൻ ചെയ്യപ്പെട്ടത്. അദ്ദേഹത്തിന്റെ തല മൂടുമ്പോൾ കാലു വെളിയിൽ വരുമായിരുന്നു. കാലു മൂടുമ്പോൾ തല വെളിയിൽ വരുമായിരുന്നു. നിവേദകൻ പറയുന്നു: ഇങ്ങനേയും പറഞ്ഞതായി എനിക്കു തോന്നുന്നു, ഹംസ ശഹീദായി. അദ്ദേഹം എന്നെക്കാൾ ഉത്തമനായിരുന്നു. അതിനുശേഷം അദ്ദേഹം പറയാൻ തുടങ്ങി: നമുക്ക് ലോകത്തുണ്ടായ ഐശ്വര്യം, അതുണ്ടായതുതന്നെയാണ്. അല്ലെങ്കിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: നമുക്ക് ലോകത്ത് നല്കപ്പെട്ടതെല്ലാം നല്കപ്പെട്ടു. നമ്മുടെ കർമഫലം ഈ ഭൗതിക ജീവിതത്തിൽതന്നെ ധിറുതിപ്പെട്ട് ലഭിക്കുകയാണോ എന്ന് എനിക്ക് ഭയമുണ്ട്. പിന്നീട് അദ്ദേഹം കരയാൻ തുടങ്ങി. എത്രത്തോളമെന്നാൽ പിന്നെ ഭക്ഷണം കഴിച്ചില്ല.'(സ്വഹീഹുൽബുഖാരി കിതാബുൽ ജനാഇസ് ഹദീഥ് 1275)

അല്ലാഹുവിനോടുള്ള ഭയവും പേടിയും അടുത്ത ലോകത്തിൽ അല്ലാഹുവിന്റെ പെരുമാറ്റവും അദ്ദേഹത്തിന്റെ മുമ്പിൽവന്നു. ഇക്കാരണത്താൽ അദ്ദേഹം വികാരഭരിതനായി. അത്തരം ഐശ്വര്യം നമുക്ക് കിട്ടിയിരിക്കുന്നു, ഇനി അവിടെ ചെല്ലുമ്പോൾ ഒന്നും ഇല്ലാതാകുമോ?

ഹദ്റത്ത് ഖബ്ബാബ്(റ) നിവേദനം: അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് ഞങ്ങൾ നബി(സ) തിരുമേനിയോടൊപ്പം ഹിജ്റ പോയി. അപ്പോൾ ഞങ്ങൾക്കുള്ള പ്രതിഫലം അല്ലാഹുവിങ്കൽ സ്ഥിരപ്പെട്ടു. ഞങ്ങളിൽ ചിലർ തങ്ങളുടെ പ്രതിഫലത്തിൽനിന്ന് ഈ ലോകത്തുവച്ച് ഒന്നും ആസ്വദിക്കാതെ മരണപ്പെട്ടു. മുസ്അബ്(റ) അവരിൽ ഉൾപ്പെടുന്നു. തന്റെ പഴം പാകമാവുകയും അത് പറിച്ചെടുത്ത് കൊണ്ടിരിക്കുകയും ചെയ്യുന്നവരും ഞങ്ങളുടെ കൂട്ടത്തിലുണ്ട്. മുസ്അബ്(റ) ഉഹുദ് യുദ്ധത്തിൽ വധിക്കപ്പെട്ടപ്പോൾ ഒരു പുതപ്പു മാത്രമാണ് അദ്ദേഹത്തെ കഫൻ ചെയ്യാൻ ഞങ്ങൾ കണ്ടത്. തല മറച്ചാൽ കാല് പുറത്തുകാണും, കാൽ മറച്ചാൽ തല പുറത്തുകാണും. അപ്പോൾ അതുകൊണ്ട് തല മറയ്ക്കുവാനും കാലിൽ പുല്ലുവച്ച് കെട്ടുവാനും നബി(സ)തിരുമേനി നിർദേശിച്ചു. (സ്വഹീഹുൽ ബുഖാരി കിതാബുൽ ജനാഇസ് ഹദീഥ് 1276)

തിർമുദിയിലെ ഒരു നിവേദനമുണ്ട്, ഹദ്റത്ത് അലി ബിൻ അബൂത്വാലിബ് നിവേദനം ചെയ്യുന്നു: നബി (സ)പറഞ്ഞു: എല്ലാ പ്രവാചകന്മാർക്കും അല്ലാഹു കുലീനരായ ഏഴു കൂട്ടുകാരെ നല്കിയിട്ടുണ്ട്. അല്ലെങ്കിൽ പറഞ്ഞു: നേതാക്കളെ പ്രദാനം ചെയ്തിട്ടുണ്ട്. എനിക്ക് പതിനാലു പേർ നല്കപ്പെട്ടിരിക്കുന്നു. അത് ആരെല്ലാമാണെന്ന് ഞങ്ങൾ ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: ഞാനും എന്റെ രണ്ടു ആൺകുട്ടികളും. ജഅ്ഫറും ഹംസയും. അബൂബക്കർ, ഉമർ, മുസ്അബ് ബിൻ ഉമയ്ർ, ബിലാൽ, സൽമാൻ, മിഖ്ദാദ്, അബൂദർ, അമ്മാർ, അബ്ദുല്ലാഹ് ബിൻ മസ്ഊദ്. (സുനനുത്തിർമുദി അബ്വാബുൽ മനാഖിബ് ഹദീഥ് 3785)

ഹദ്റത്ത് ആമിർ ബിൻ റബീഅ നിവേദനം: അദ്ദേഹത്തിന്റെ പിതാവ് പറയാറുണ്ടായിരുന്നു, ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ വിശ്വസിച്ച നേരം മുതൽ ഉഹുദ് യുദ്ധത്തിൽ ശഹീദാകുന്നതുവരെ എന്റെ സുഹൃത്തും കൂട്ടുകാരനുമായിരുന്നു. അദ്ദേഹം ഞങ്ങളോടൊപ്പം രണ്ടു ഹിജ്റത്തുകളിലും ഹബ്ശയിൽപോയി. മുഹാജിരീങ്ങളിൽ അദ്ദേഹം എന്റെ ഉറ്റ ചങ്ങാതിയായിരുന്നു. അദ്ദേഹത്തെക്കാളധികം സൽസ്വഭാവിയും അദ്ദേഹത്തെക്കാൾ കുറഞ്ഞ അഭിപ്രായഭിന്നതയുള്ള ആളേയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 87, മുസ്അബ് ബിൻ ഉമയ്ർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഉഹുദ് യുദ്ധം കഴിഞ്ഞ് നബി (സ)തിരുമേനി മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ പത്നി ഹദറത്ത് ഹംന ബിൻത് ജഹ്ശ് നബിയെ കണ്ടു. ജനങ്ങൾ അവരുടെ സഹോദരൻ അബ്ദുല്ലാഹ് ബിൻ ജഹ്ശ് ശഹീദായ വിവരം അറിയിച്ചു. അപ്പോൾ അവർ ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്നു പറഞ്ഞു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്തു. പിന്നീട് ആളുകൾ അവരുടെ അമ്മാവനായ ഹദ്റത്ത് ഹംസയുടെ ശഹാദത്തിനെക്കുറിച്ച് പറഞ്ഞപ്പോൾ *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്നു പറഞ്ഞ് അദ്ദേഹത്തിന്റെ മഗ്ഫിറത്തിനായി ദുആ ചെയ്തു. അതിനുശേഷം ജനങ്ങൾ അവരുടെ ഭർത്താവായ മുസ്അബ് ബിൻ ഉമയ്ർ ശഹീദായ വിവരം അറിയിച്ചു. അപ്പോൾ അവർ കരയുകയും അസ്വസ്ഥയാകുകയും ചെയ്തു. നബി (സ)തിരുമേനി പറഞ്ഞു: ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം അവളുടെ ഭർത്താവിന് പ്രത്യേകമായൊരു സ്ഥാനവും പദവിയുമുണ്ട്.'

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം പേജ് 396, ഉഹുദ് യുദ്ധം, പ്രസാധകർ ദാറു ഇബ്നു ഹസം, ബേറൂത്ത് 2009)

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ഹംന ബിൻത് ജഹശിനെ സംബന്ധിച്ച് വിവരം ലഭിക്കുന്നുണ്ട്, നിന്റെ സഹോദരൻ ശഹീദായി എന്ന് അവരോടു പറയപ്പെട്ടപ്പോൾ  അവർ പറഞ്ഞു, അല്ലാഹു അദ്ദേഹത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. എന്നിട്ട് പറഞ്ഞു: *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി  റാജിഊൻ.* ആളുകൾ നിന്റെ ഭർത്താവും ശഹീദാക്കപ്പെട്ടു എന്ന് അവരോടു പറഞ്ഞപ്പോൾ അവർ പറഞ്ഞു: അല്ലേയാ കഷ്ടമേ! അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഭാര്യക്ക് ഭർത്താവിനോടു മറ്റാരോടുമില്ലാത്ത ബന്ധമാണുള്ളത്.'(സുനൻ ഇബ്നുമാജ, കിതാബുൽജനാഇസ്, ഹദീഥ് 1590)

ഈ സംഭവം ഒരു പ്രഭാഷണത്തിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് തന്റേതായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. അതിൽ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ ശഹാദത്തിന്റെ സംഭവവും അദ്ദേഹത്തിന്റെ ശഹാദത്തിൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്കുണ്ടായ വികാരങ്ങളേയും കുറിച്ച് പറഞ്ഞിരിക്കുന്നു. ഇപ്രകാരം അവിടന്ന് പറയുന്നു, ഒന്നിലധികം ബന്ധുക്കളുണ്ടായിരുന്ന ആ സ്വഹാബത്തിനോ സ്വഹാബിയാ ത്തിനോ അവരുടെ മനസ്സിന് പെട്ടെന്ന് ഒരു ആഘാതം ഏല്ക്കാതിരിക്കുന്നതിനുവേണ്ടി മെല്ല മെല്ലയാണ് വിവരങ്ങൾ നല്കിയിരുന്നത്. അങ്ങനെ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹദ്റത്ത് അബ്ദുല്ലായുടെ സഹോദരി ഹംന ബിൻത് ജഹ്ശ് ഹാജറായപ്പോൾ അവിടന്ന് പറഞ്ഞു, ഹംനേ! നീ ക്ഷമിക്കുക. അല്ലാഹുവിൽനിന്ന് പ്രതിഫലം പ്രതീക്ഷിക്കുക. അവർ ചോദിച്ചു. യാ റസൂലല്ലാഹ്! ഏതു ആരുടെ പ്രതിഫലത്തിനാണ്? അവിടന്ന് പറഞ്ഞു:നിന്റെ മാതുലൻ ഹംസയുടെ. അപ്പോൾ ഹദ്റത്ത് ഹംന പറഞ്ഞു: *ഇന്നാ ലില്ലാഹി  വഇന്നാ ഇലയ്ഹി റാജിഊൻ. ഗഫറ ലഹൂ വ റഹിമഹൂ ഹനീഅൻ ലഹുശ്ശഹാദത്തി* അതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു: ഹംനേ!നീ ക്ഷമിക്കുക. അല്ലാഹുവിൽനിന്ന് പ്രതിഫലം പ്രതീക്ഷിക്കുക. അവർ ചോദിച്ചു. യാ റസൂലല്ലാഹ്! ഏതു ആരുടെ പ്രതിഫലത്തിനാണ്? അവിടന്ന് പറഞ്ഞു: നിന്റെ സഹോദരൻ അബ്ദുല്ലായുടെ. അപ്പോൾ ഹംന വീണ്ടും പറഞ്ഞു, *ഇന്നാ ലില്ലാഹി  വഇന്നാ ഇലയ്ഹി റാജിഊൻ. ഗഫറ ലഹൂ വ റഹിമഹൂ ഹനീഅൻ ലഹുശ്ശഹാദത്തി* പിന്നീട് അവിടന്ന് പറഞ്ഞു: ഹംനേ! നീ ക്ഷമിക്കുക. അല്ലാഹുവിൽനിന്ന് പ്രതിഫലം പ്രതീക്ഷിക്കുക. അവർ ചോദിച്ചു. യാ റസൂലല്ലാഹ്! ഏതു ആരുടെ പ്രതിഫലത്തിനാണ്? അവിടന്ന് പറഞ്ഞു: മുസ്അബ് ബിൻ ഉമയ്റിനുവേണ്ടി. അപ്പോൾ ഹംന പറഞ്ഞു: അഹോ കഷ്ടം! ഇതുകേട്ട് നബി(സ)തിരുമേനി പറഞ്ഞു: വാസ്തവത്തിൽ ഭർത്താവിന് ഭാര്യയുടെമേൽ മറ്റാർക്കുമില്ലാത്ത വലിയ അവകാശമുണ്ട്. അവരോടു ചോദിച്ചു, നീ എന്തിനാണ് അത്തരം വാക്യം പറഞ്ഞത്? അപ്പോൾ അവർ പറഞ്ഞു: യാ റസൂലല്ലാഹ്! എനിക്ക് അദ്ദേഹത്തിന്റെ കുട്ടികളുടെ യത്തീമായ അവസ്ഥ ഓർമ വന്നിരുന്നു. അതിൽ ഞാൻ പ്രയാസപ്പെട്ടു. പ്രയാസാവസ്ഥയിൽ ഇതു എന്റെ വായിൽനിന്ന് പുറത്തുവന്നതാണ്. ഇതുകേട്ട് നബി(സ) തിരുമേനി മുസ്അബ് ബിൻ ഉമയ്റിന്റെ മക്കൾക്കുവേണ്ടി ദുആ ചെയ്തു:'അല്ലാഹുവേ!അവരുടെ മേൽനോട്ടക്കാരും പ്രായമുള്ളവരും അവരുടെമേൽ വാത്സല്യവും ദയയും ചെയ്യുമാറാകട്ടെ. അവരോടു നല്ല രീതിയിൽ പെരുമാറട്ടെ. (ഖുത്ബാത്തെ ത്വാഹിർ ഖബ് ൽ അസ് ഖിലാഫത്ത് പേജ് 363)

പിന്നീട് അല്ലാഹു അവരോടു നല്ല രീതിയിൽ പെരുമാറി. നബി(സ)തിരുമേനിയുടെ ദുആ സ്വീകരിക്കപ്പെട്ടു. ഇവിടെ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ സ്മരണ പൂർത്തിയാകുന്നു. ഇൻശാ അല്ലാഹ് അടുത്തത്, അടുത്ത സ്വഹാബിയെ കുറിച്ച്.

ഈയിടെയായി കൊറോണാ വൈറസ് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഞാൻ കുറച്ചു കാര്യങ്ങൾ പറഞ്ഞുകൊണ്ട് ജമാഅത്തംഗങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഭരണകൂടങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സുരക്ഷാ നിർദേശങ്ങൾ നാം പാലിക്കേണ്ടതാണ്. ആരംഭത്തിൽത്തന്നെ ഹോമിയോ ചികിത്സകന്മാരുമായി കൂടിയാലോചിച്ച് പ്രതിരോധമെന്ന നിലയ്ക്കും ചികിത്സയെന്ന നിലയ്ക്കും ചില ഹോമിയോ മരുന്നുകൾ നിർദേശിച്ചിരുന്നു. അത് ഉപയോഗിക്കേണ്ടതാണ്. ഇതൊരു ഉചിതമായ ചികിത്സയാണ്. നൂറുശതമാനം ചികിത്സയാണെന്നോ ഈ വൈറസിനെ ഹോമിയോപതിക്ക് അറിയാമെന്നോ പറയാൻ നമുക്ക് കഴിയുകയില്ല. ഇത് അറിയാത്ത ഒരു വൈറസാണ്. പക്ഷേ, അതിനോടടുത്ത ഇത്തരത്തിലുള്ള രോഗത്തിന് ഉചിതമായ ചികിത്സ ഇതുകൊണ്ട് സാധ്യമാണെന്നതുകൊണ്ടാണ് അതനുസരിച്ച് ഈ മരുന്നുകൾ പ്ലാൻ ചെയ്യപ്പെട്ടിട്ടുള്ളത്. അല്ലാഹു അതിൽ ശിഫാ (രോഗശമനം)യും വെക്കുമാറാകട്ടെ. അതുകൊണ്ട് ഇത് ഉപയോഗിക്കേണ്ടതാണ്. പക്ഷേ, അതോടൊപ്പംതന്നെ അറിയിപ്പുകൾ ഉണ്ടായിരിക്കുന്നപോലെ സുരക്ഷാ മാർഗങ്ങളും പാലിക്കേണ്ടതാണ്.

കൂട്ടം കൂടുന്നതിൽനിന്ന് വിട്ടുനില്ക്കേണ്ടത് ആവശ്യമാണ്. മസ്ജിദുകളിൽ വരുന്നവരും ശ്രദ്ധിക്കേണ്ടതാണ്. ചെറിയ തോതിലുള്ള പനി, ശരീരവേദന, തുമ്മൽ, ജലദോഷം തുടങ്ങിയവ ഉണ്ടെങ്കിൽ മസ്ജിദിൽ വരാതിരിക്കുക. മസ്ജിദിനോടും ചില കടമകളുണ്ട്. മറ്റുള്ളവർക്ക് പകരുന്ന ഏതുതരം അസുഖമുണ്ടെങ്കിലും മസ്ജിദിൽ വരാതിരിക്കുക എന്നത് മസ്ജിദിനോടുള്ള കടമയാണ്. പകരുന്ന രോഗമുള്ള ആരും മസ്ജിദിൽ വരുമ്പോൾ വളരെ സൂക്ഷ്മത പാലിക്കേണ്ടതാണ്. ഈ സമയത്ത് പ്രത്യേകിച്ചും തുമ്മുമ്പോൾ വായയും മൂക്കും കൈകൊണ്ടോ തൂവാലകൊണ്ടോ പൊത്തിപ്പിടിക്കുക. ഞാൻ പറഞ്ഞതുപോലെ വളരെ ശ്രദ്ധിക്കേണ്ട സമയമാണിത്. തങ്ങളുടെ അടുത്തുനിന്ന് തുമ്മുന്നുവെന്ന് പറഞ്ഞ് ചില നമസ്കാരക്കാരും പരാതിപ്പെടാറുണ്ട്. വായുടെ മുമ്പിൽ കൈ വെക്കുന്നില്ല. റൂമാലും വെക്കുന്നില്ല. എത്രമാത്രം ശക്തിയോടെ തുമ്മുന്നുവെന്നാൽ ചില സ്രവങ്ങൾ ഞങ്ങളുടെമേലും തെറിച്ചുവീഴുന്നു. അതുകൊണ്ട് കൂടെനിന്നു നമസ്കരിക്കുന്നവരോടും ചില കടമകളുണ്ട്. അതിനാൽ എല്ലാ നമസ്കാരക്കാരും ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്. ഈയിടെയായി ഞാൻ പറഞ്ഞതുപോലെ പ്രത്യേകമായ നിലയിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്. കൈയും മുഖവും വൃത്തിയായി സൂക്ഷിക്കുകയാണ് ഡോക്ടർമാർ നിർദേശിക്കുന്ന സുരക്ഷാമാർഗം. കൈകൾ വൃത്തിയില്ലാത്തതാണെങ്കിൽ മുഖത്ത് കൈ വെക്കരുത്. കൈകളിൽ സാനിറ്റൈസർ തേച്ചുവെക്കുക. അല്ലെങ്കിൽ കൈ കഴുകിക്കൊണ്ടിരിക്കുക. ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അഞ്ചുനേരം നമസ്കരിക്കുന്നയാളാണെങ്കിൽ കൃത്യമായി വുളു ചെയ്യുന്നതിലൂടെ മൂക്ക് എപ്പോഴും വൃത്തിയായിരിക്കുന്നതാണ്. ശുചിത്വത്തിന്റ ഉന്നത നിലവാരം പുലർത്തുകയും സാനിറ്റൈസറിന്റ(sanitizer) കുറവ് നികത്തുകയും ചെയ്യുന്നതാണ്. ഈയിടെയായി മാർക്കറ്റിൽനിന്ന് സാനിറ്റൈസറും അപ്രത്യക്ഷമായിക്കഴിഞ്ഞിരക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ജനങ്ങൾ പരിഭ്രാന്തി(panic)യിൽ എല്ലാ വാങ്ങിവെച്ചു കഴിഞ്ഞു. കടയിലെ ഷൽഫുകളെല്ലാം ഒഴിഞ്ഞു കിടക്കുന്നു. പ്രത്യേകിച്ചും ഇതിനുവേണ്ടി ഉപയോഗിക്കുന്ന വസ്തുക്കൾ! എന്തായാലും ശരിയായി വുളു ചെയ്യുന്നതിലൂടെ ശാരീരിക ശുചിത്വത്തിനും വുളു ചെയ്ത് നമസ്കരിക്കുമ്പോൾ മനുഷ്യന്റെ ആത്മീയ ശുചിത്വത്തിനുമുള്ള മാർഗമായിത്തീരുന്നു. ഇക്കാലത്ത് പ്രത്യേകമായ നിലയിൽ വളരെയധികം ദുആ ചെയ്തുകൊണ്ടിരിക്കേണ്ട ആവശ്യവുമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകം ശദ്ധിക്കേണ്ടതാണ്. മസ്ജിദിനോടുള്ള കടമയെ കുറിച്ച് ഞാൻ പറഞ്ഞു. ഇനി ഒരു കാര്യം കൂടി പറയാനുണ്ട്. അതായത് സാധാരണ ദിവസങ്ങളിലും പ്രത്യേകിച്ചു തണുപ്പുകാലത്തും സോക്സ് ധരിച്ച് മസ്ജിദിൽ വരുന്നവർ ദിവസവും സോക്സ് മാറ്റി ധരിക്കുകയും കഴുകുകയും ചെയ്യേണ്ടതാണ്. സോക്സിൽനിന്നുള്ള ദുർഗന്ധംകൊണ്ട് കൂടെനിന്ന് നമസ്കരിക്കുന്നവർക്ക് ബുദ്ധിമുട്ടിന് കാരണമാകുന്നു. അല്ലെങ്കിൽ പിറകിലെ സ്വഫ്ഫിൽ നിന്ന് നമസ്കരിക്കുന്നയാൾക്ക് സുജൂദു ചെയ്യുന്നതിനും ബുദ്ധിമുട്ടുണ്ടാകുന്നു. ഇക്കാര്യവും ശ്രദ്ധിക്കേണ്ടതാണ്. വെളുത്തുള്ളി, ഉള്ളി തുടങ്ങിയ ദുർഗന്ധമുള്ള ഒന്നും കഴിച്ച് മസ്ജിദിൽ വരരുതെന്നതാണ് നബി(സ) തിരുമേനിയുടെ കല്പന. (സുനൻ അബൂദാവൂദ്, കാതാബുൽ അത്അമ, ഹദീഥ് 3823)

ചിലപ്പോൾ കോട്ടുവാ ഇടാറുണ്ട്. അങ്ങനേയും വായിൽനിന്ന് നാറ്റമുണ്ടാകുന്നു. അതുകൊണ്ട് മറ്റു നമസ്കാരക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. നമസ്കാരക്കാർക്കും മസ്ജിദിന്റെ അന്തരീക്ഷത്തിനും ഉണ്ടാകുന്ന ഈ ബുദ്ധിമുട്ടിന് പരിഹാരം കല്പിച്ചിരിക്കുന്നത് മസ്ജിദുകളിൽ വരുമ്പോൾ സുഗന്ധം പൂശി വരിക എന്നാണ്. (സ്വഹീഹുൽ ബുഖാരി കിതാബുൽജുമുഅ, ഹദീഥ് 883)

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer &  Family**
**Ahmadiyya Jama-ath Karulai, Kerala.**

ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നാൽ പച്ചമാംസവുമായി മസ്ജിദിലൂടെ കടന്നുപോകുക പോലും ചെയ്യരുതെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി.(സുനൻ ഇബ്നുമാജ, കിതാബുൽമസാജിദ്, ഹദീഥ് 748) ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, അതിനർഥം ആ ന്യായവും പറഞ്ഞ് മസ്ജിദിൽ വരുന്നത് നിറുത്തണമെന്നല്ല. സ്വന്തം അവസ്ഥ മനസ്സിലാക്കി സ്വന്തം മനസ്സിനോട് ഫത്വ ചോദിക്കുക. അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാണെന്ന് ഓർക്കുക. അതുകൊണ്ട് ആരെങ്കിലും രോഗിയാണെങ്കിൽ ഡോക്ടറെ കണ്ട് അത് ഏതു തരത്തിലുള്ള രോഗമാണെന്ന് തൃപ്തിപ്പെടുക. എങ്കിലും ഒന്നു രണ്ടു ദിവസം മാറിനില്ക്കുന്നതാണ് ഉത്തമം.

ഈയിടെയായി പറയുന്നത് ഹസ്തദാനം ചെയ്യാതിരിക്കുക എന്നാണ്. ഇതും വളരെ ആവശ്യമാണ്. ആരുടെ കൈ ഏതുരീതിയിലുള്ളതാണെന്ന് അറിയില്ല. അതുകൊണ്ട് ഹസ്തദാനം ചെയ്യുന്നതിലൂടെ സ്നേഹ ബന്ധങ്ങൾ വർധിക്കുമെങ്കിലും ഈ സമയത്ത് രോഗം കാരണമായി അതിൽനിന്ന് വിട്ടുനിൽക്കുന്നതായിരിക്കും ഉത്തമം. ഇപ്പോൾ ആദ്യം ബഹളമുണ്ടാക്കിയിരുന്ന ലൗകികർപോലും കൈകൊടുക്കാറില്ല. സ്ത്രീകൾക്കും കൈകൊടുക്കാറില്ല. പുരുഷന്മാർക്കും കൈകൊടുക്കാറില്ല. അതും ഫലിതമായി മാറിയിരിക്കുന്നു. ഇപ്പോൾ ജർമനിയിലെ ചാൻസിലർക്ക് അദ്ദേഹത്തിന്റെ മന്ത്രി കൈകൊടുക്കുന്നത് നിഷേധിച്ചു. അതിൽ ഒരു ട്രോളുണ്ടായിരിക്കുന്നു. ഇവിടെയും പാർലമെന്റംഗം പറഞ്ഞു, കൊറോണ വൈറസ് കാരണത്താൽ നമ്മൾ കൈകൊടുക്കുന്നതിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് വളരെ നല്ലതാണ്. കാരണം നമ്മുടെ പാരമ്പര്യംതന്നെ കൈകൊടുക്കുക എന്നതല്ല. നമ്മുടെ പാരമ്പര്യം സല്യൂട്ട് ചെയ്യുക എന്നതാണ്. അല്ലെങ്കിൽ തലയിൽനിന്ന് തൊപ്പി ഊരി കുനിയുക എന്നതായിരുന്നു. പിന്നെ അദ്ദേഹം എത്രത്തോളം പറഞ്ഞുവെന്നാൽ സ്ത്രീകൾക്ക് ഞങ്ങൾ കൈകൊടുക്കുന്നു. എന്നല്ല ആശ്ലേഷിച്ച് സശൈ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു. സ്ത്രീ അത് ഇഷ്ടപ്പെടുന്നുണ്ടോ എന്ന് ഞങ്ങൾക്കറിയില്ല. അകാരണമായി ബലാൽക്കാരത്തോടെയാണ് ഞങ്ങൾ ഇതൊക്കെ ചെയ്യുന്നത്. അല്ലാഹു പറഞ്ഞ കാര്യം സ്വീകരിക്കാൻ ഇവർ തയ്യാറല്ല. പക്ഷേ, ഈ രോഗം, ഈ പകർച്ചവ്യാധി കുറഞ്ഞപക്ഷം അവരെ ഇക്കാര്യം ഓർമിപ്പിച്ചു. അല്ലാഹുവിലേക്കും അവരുടെ ശ്രദ്ധ ഉണ്ടാവാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ കല്പനയിൽ അവർക്ക് അഭിപ്രായ ഭിന്നത ഉണ്ടായിരുന്നു. സ്ത്രീയും പുരുഷനും പരസ്പരം ഹസ്തദാനം ചെയ്യുന്ന രീതി ഇസ്ലാമിൽ വിലക്കപ്പെട്ടതാണെന്ന് നമ്മൾ വളരെ സ്നേഹത്തോടെ അവരോടു പറഞ്ഞിരുന്നപ്പോൾ അല്ലാഹുവിന്റെ അത്തരം കലപനകളോട് അവർക്ക് വിയോജിപ്പായിരുന്നു. വലിയ കോലാഹലങ്ങൾ ഉണ്ടാക്കിയിരുന്നു. എന്നാൽ, ഇപ്പോൾ കേൾക്കാൻ സാധിക്കുന്നത് ഭരണ വകുപ്പുകളിലും വിവിധ സ്ഥലങ്ങളിലും കഠിനമായ രീതിയിൽ ഹസ്തദാനം ചെയ്യുന്നത് എതിർക്കുന്നുവെന്നാണ്. ഇതാണ് നമ്മുടെ അധ്യാപനമെന്ന് നമ്മൾ വളരെ സ്നേഹത്തോടെ പറയാറുണ്ടായിരുന്നതാണ്.

പക്ഷേ, ഇപ്പോൾ ഈ കൊറോണ വൈറസിനെ ഭയന്ന് എത്രമാത്രം സൂക്ഷ്മതയുള്ളവരായെന്നാൽ അവിടെ ധാർമികതയ്ക്കും ഒരു പഴുതുമില്ല. ഞാൻ പറഞ്ഞതുപോലെ ഈ പരിഷ്കരണം അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതാകട്ടെ.

ഈ മഹാമാരി എത്രത്തോളം വ്യാപിക്കുമെന്നും എത്രകാലം നീണ്ടുനിൽക്കുമെന്നും അല്ലാഹുവിനു മാത്രമേ അറിയൂ. അല്ലാഹുവിന്റെ വിധി എന്താണ്. ഈ രോഗം അല്ലാഹുവിന്റെ കോപം കാരണമാണെങ്കിൽ ഇതിൽനി ന്നും അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തിനുശേഷം അധികമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മഹാമാരികൾ, ഭൂകമ്പങ്ങൾ, കൊടുങ്കാറ്റുകൾ തുടങ്ങിയ അല്ലാഹുവിന്റെ വിധിയുടെ ദോഷങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനായി അല്ലാഹുവിലേക്ക് തിരിയേണ്ടത് വളരെ അനിവാര്യമാണ്. ഈ ദിനങ്ങളിൽ ഓരോ അഹ്മദിയും ദുആയിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ ആത്മീയാവസ്ഥയും മെച്ചപ്പെടുത്തുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്കും നേർമാർഗം പ്രദാനം ചെയ്യട്ടെ. ഭൗതികമായ കാര്യങ്ങളിൽ മാത്രം വ്യാപൃതരായിക്കൊണ്ട് ദൈവത്തെ മറന്നുകളയുന്നതിനു പകരം സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയുവാനുള്ള സൗഭാഗ്യം അല്ലാഹു അവർക്കു നല്കുമാറാകട്ടെ.

ഇനി ഞാൻ ചില ജനാസാ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അഖീൽ അഹ്മദ് ഭട്ട് സാഹിബിന്റെ മകൻ തൻസീൽ അഹ്മദ് ഭട്ടിന്റേതാണ് ആദ്യത്തെ ജനാസ. പതിനൊന്നു വയസുള്ള ചെറിയ കുട്ടിയായിരുന്നു. 2020 ഫെബ്രുവരി 27 ന് വഫാത്തായി. വഫാത്തല്ല എന്റെ അഭിപ്രായത്തിൽ ഇത് ശഹാദത്താണ്. സംഭവം ഇങ്ങനെയാണ്. ലാഹോറിലെ ദില്ലിഗേറ്റിൽ ശാഹ്ത്ര കോളനിയിലെ തൻസീൽ അഹ്മദ് ബട്ടിനെ ഒരു അയൽവാസി സ്ത്രീ ഫെബ്രുവരി 27 ന് വളരെ ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* പാക്കിസ്താനിൽ മൗലവിമാരുടെ ഫത്വകൾ, അഹ്മദികളെ ഏതെങ്കിലുമൊക്കെ ഒഴികഴിവ് പറഞ്ഞ് കൊലപ്പെടുത്തുക എന്നത് വളരെ എളുപ്പമാക്കിയിരിക്കുകയാണ്. ഈ വധവും അതിന്റെ ഫലമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ കുട്ടിയെ ശഹീദുമാരിൽ ഉൾപ്പെടുത്തുകയാണ്. കാരണമെന്തായാലും അഹ്മദിയ്യത്തിനോടുള്ള വിദ്വേഷമാണ് ഇതിനു പിന്നിലുള്ളത്. എന്തായാലും നിഷ്കളങ്കനായ കുട്ടിയായിരുന്നു. ഇതുവരെ ലഭിച്ച റിപ്പോട്ടനുസരിച്ച് ആ കുട്ടിയുടെ ഒരു തെറ്റുമുണ്ടായിരുന്നില്ല.

ഈ സംഭവത്തിന്റെ വിശദീകരണങ്ങളനുസരിച്ച് അസീസം തൻസീൽ അഹ്മദ് ബട്ടിയുടെ മാതാവ് ഫെബ്രുവരി 27 ന് ചെറിയ കുട്ടി ഇട്ടിട്ടുപോന്ന ഒരു കളിപ്പാട്ടം എടുത്തുകൊണ്ടുവരുന്നതിനുവേണ്ടി അയൽവാസിയുടെ വീട്ടിൽ അവനെ പറഞ്ഞുവിട്ടു. ഈ വീട്ടിൽ ഇവർ പോക്കുവരവുണ്ട്. ഈ കൊലയ്ക്കു അവരെ പ്രേരിപ്പിച്ചത് എന്താണെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. ഒരു ദിവസംമുമ്പേ അവിടെ ഇട്ടുപോന്ന ഒരു കളിപ്പാട്ടം എടുത്തുകൊണ്ടുവരുന്നതിനുവേണ്ടി അയച്ചതായിരുന്നു. ഒരുപാട് നേരം കഴിഞ്ഞിട്ടും കുട്ടി തിരിച്ചുവരാത്തതു കണ്ടപ്പോൾ മാതാവ് നേരിട്ട് അവിടെ പോയി അന്വേഷിച്ചു. ആദ്യം അയൽവാസി കതകു തുറന്നിരുന്നില്ല. ഒരുപാടു നേരം കഴിഞ്ഞാണ് കതകു തുറന്നത്. കുട്ടിയെ കുറിച്ച് തിരക്കിയപ്പോൾ അവൻ കളിപ്പാട്ടവുമായി തിരിച്ചുപോയി എന്ന് പറഞ്ഞു. ഉടനെതന്നെ അവർ ഭർത്താവ് അഖീൽ സാഹിബിനെ വിവരം അറിയിച്ചു. അദ്ദേഹം ക്ഷണത്തിൽ ജമാഅത്തിലെ പ്രവർത്തകരുമായി ചേർന്ന് കുട്ടിയെ അന്വേഷിക്കാൻ തുടങ്ങി. പോലീസിലും റിപ്പോർട്ടു ചെയ്തു. തുടർന്ന് വഴിയിൽ സ്ഥാപിച്ചിരുന്ന സി.സി.ടി.വി ദൃശ്യങ്ങളിൽനിന്ന് കുട്ടി വീട്ടിൽ കയറുന്നത് കണ്ടു. എന്നാൽ, തിരിച്ചു പുറത്തിറങ്ങുന്നത് കണ്ടതുമില്ല. അങ്ങനെ പോലീസിന്റെ സഹായത്താൽ അന്വേഷിച്ചപ്പോൾ ഒരു ട്രങ്കിൽനിന്ന് കുട്ടിയുടെ മൃതദേഹം കിട്ടി. ഘാതകിയുടെ ഭർത്താവ് ആദ്യമെതന്നെ കുട്ടിയെ കൊന്ന് ട്രങ്കിൽ ഒളിപ്പിച്ചുവെച്ചിരിക്കുന്നതായി തങ്ങളെ അറിയിച്ചിരുന്നുവെന്ന് പോലീസ് പറഞ്ഞു. ആ സ്ത്രീ വീട്ടുടമയുടെ വീട്ടിലെ കുട്ടികളെ ഒപ്പം കൂട്ടി തൻസീലിനെ വധിച്ചുവെന്ന് സമ്മതിച്ചു.

തൻസീൽ അഹ്മദ് ബട്ട് 2009 നവംബർ 20 ന് ലാഹോറിൽ ജനിച്ചു. വഖ്ഫെ നൗ പദ്ധതിയിൽ അംഗമായിരുന്നു. അത്ഫാലുൽ അഹ്മദിയ്യായുടെ കർമനിരതനായ അംഗമായിരുന്നു. ജമാഅത്തിന്റെ പരിപാടികളിൽ പതിവായി പങ്കെടുത്തിരുന്നു. തന്റെ ക്ലാസിലെ ബുദ്ധിമതികളായ കുട്ടികളിൽ എണ്ണപ്പെട്ടിരുന്നു. നാലാം ക്ലാസ് വിദ്യാർഥിയായിരുന്നു. വഫാത്തിനുശേഷം തൻസീലിന്റെ റിസൽട്ട് വന്നപ്പോൾ 750 ൽ 729 മാർക്കു വാങ്ങി തൻസീൽ ക്ലാസിൽ ഒന്നാമനായിരുന്നു. തൻസീലിന്റെ മാതാവ് പറഞ്ഞു: തൻസീൽ എന്റെ മക്കളിൽ ഏറ്റവുമധികം അനുസരണശാലിയായിരുന്നു. ഏതു ജോലിയാണെങ്കിലും ആദ്യം എന്നിൽനിന്ന് അനുവാദം വാങ്ങിയെ ചെയ്തിരുന്നുള്ളു. അയൽവാസികൾ ആരെങ്കിലും എന്തെങ്കിലും കാര്യം പറഞ്ഞാൽ ഉടനെ അതു ചെയ്തുകൊടുക്കുമായിരുന്നു. ഒരിക്കലും നിഷേധധിക്കുമായിരുന്നില്ല. എത്രത്തോളമെന്നാൽ അവനെ കൊന്ന അയൽവാസിപോലും അവനെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നു. അവരെ അവൻ എപ്പോഴും അനുസരിച്ചിരുന്നു. അവരുടെ ജോലി ചെയ്തുകൊടുത്തിരുന്നു. സ്കൂൾ ടീച്ചർമാരും ജമാഅത്തിലെ ഭാരവാഹികളും ആ കുട്ടിയെക്കൊണ്ട് സന്തോഷിച്ചിരുന്നു. എപ്പോഴും അവനെ പ്രശംസിക്കുമായിരുന്നു. എം.ടി.എയിൽ പിരിപാടികൾ പതിവായി കാണുമായിരുന്നു; പ്രത്യേകിച്ചും കുട്ടികളുടെ പരിപാടികൾ. ജുമുഅ ഖുത്ബകൾ കേൾക്കുമായിരുന്നു. നമസ്കാരത്തിന് പതിവായി മസ്ജിദിൽ പോകുമായിരുന്നു. പിതാവ് ഫാക്റ്ററിയിൽനി

**ഹദീഥുന്നബ്വി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ന്ന് ക്ഷീണിച്ചുവരികയും മസ്ജിദിൽ പോകാൻ മടിക്കുകയും ചെയ്താലും നിർബന്ധിച്ച് മസ്ജിദിൽ കൊണ്ടുപോകുമായിരുന്നു. ഈ കുട്ടിയുടെ ദുഖാർത്തരായ കുടുംബാംഗങ്ങളിൽ പിതാവ് അഖീൽ അഹ്മദ് ബട്ടും മാതാവ് നീഇല അഖീലും രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. അല്ലാഹു അവനെ തന്റെ പ്രിയപ്പെട്ടവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. ഘാതകർക്ക് തക്കതായ ശിക്ഷ അല്ലാഹു നല്കുമാറാകട്ടെ. മാതാപിതാക്കൾക്ക് സഹനവും സമാധാനവും പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ റാവൽപിണ്ടി മുൻ ജില്ല അമീറായിരുന്ന ബ്രിഗേഡിയർ ബശീർ അഹ്മദ് സാഹിബിന്റേതാണ്. ഇദ്ദേഹം ഡോക്ടർ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ മകനാണ്. ഫെബ്രുവരി 16 ന് റാവൽപിണ്ടിയിൽ 87 ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* ഇദ്ദേഹത്തിന്റെ പിതാവ് ഡോക്ടർ മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് ബയ്അത്ത് ചെയ്ത് ജമാഅത്ത് സ്വീകരിച്ചയാളാണ്. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലായിരുന്നു. ബ്രിഗേഡിയർ സാഹിബ് 1947–ൽ മെട്രിക് പരീക്ഷ പാസായി. 1952–ൽ പാക്കിസ്താനിലെ മിലിട്ടറി അക്കാഡമിയുടെ ശെഃവേഹീഴ രീൗൃലെ ൽ പാക് പട്ടാളത്തിൽ കമ്മീഷൻ എടുത്തു. 1982–ൽ പട്ടാളത്തിൽനിന്ന് ബ്രിഗേഡിയർ എന്ന നിലയിൽ റിട്ടയേർഡായി. പിന്നീട് ദീർഘകാലംവരെ ഇസ്ലാമാബാദിലെ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസർ എന്ന നിലയിൽ രാജ്യത്തിന് സേവനം ചെയ്തു. ഇപ്രകാരം അദ്ദേഹത്തിന് 66 വർഷംവരെ രാജ്യത്തിന് വേണ്ടി സേവനം ചെയ്യാൻ തൗഫീഖ് കിട്ടി.

ബ്രിഗേഡിയർ സാഹിബിന്റെ ജമാഅത്തുപരമായ സേവനം ഇപ്രകാരമാണ്. 2012–ൽ അദ്ദേഹത്തെ ഞാൻ റാവൽപിണ്ടി ജമാഅത്തിന്റെ അമീറായി നിശ്ചയിച്ചു. 2020 ഫെബ്രുവരി 9 വരെ അദ്ദേഹത്തിന് റാവൽപിണ്ടി നഗരത്തിനും ജില്ലയ്ക്കുംവേണ്ടി അമീർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 1979 ൽ അദ്ദേഹത്തിന് റാവൽപിണ്ടിയിലേക്ക് മാറ്റമുണ്ടായി. 16 വർഷംവരെ അഹ് മദിയ്യാ ജമാഅത്ത് റാവൽപിണ്ടി നഗരത്തിനും ജില്ലയ്ക്കും വേണ്ടി നാഇബ് അമീർ, സെക്രട്ടറി തഅ്ലീം എന്ന നിലകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഫള്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടറും മജ്ലിസ് ശൂറായുടെ വിവിധ കമ്മിറ്റികളിൽ അംഗവുമായിരുന്നു. ബ്രിഗേഡിയർ സാഹിബ് മൂസ്വിയായിരുന്നു. ആത്മാർഥതയോടെ ദീനി സേവനങ്ങൾ ചെയ്തുവന്നു. അദ്ദേഹം എല്ലാവരോടും ഇണങ്ങിയും സ്നേഹിച്ചും കഴിയുന്നയാളും ദയാലുവും സൃഷ്ടിസേവകനും ദരിദ്രരെ സഹായിക്കുന്ന വ്യക്തിയുമായിരുന്നു. ദീനീസേവന കാര്യങ്ങളിൽ വലിയ നിയമങ്ങൾപാലിക്കുന്നയാളും കൃത്യനിഷ്ഠയുള്ള വ്യക്തിയുമായിരുന്നു. വേഗം വേഗം സേവനം ചെയ്തിരുന്നു. എല്ലാ കാര്യങ്ങളിലും കൂടെയുള്ളവരെ ഉപദേശിച്ചിരുന്നു. അലസത സഹിക്കുമായിരുന്നില്ല. തന്റെ ആമില അംഗങ്ങൾക്ക് ഏല്പിച്ചുകൊടുക്കുന്ന ജോലികൾ സമയം വരുമ്പോൾ തീർച്ചയായും ഫോളോഅപ്പ് ചെയ്യുമായിരുന്നു. ധാരാളം ദുആ ചെയ്യുന്നയാളും ആരാധനാകർമങ്ങൾ നിർവഹക്കുന്നയാളും ഖിലാഫത്തിനെ സ്നേഹിക്കുന്നയാളും ആത്മാർഥനുമായിരുന്നു. അവസാനം നാൾവരെ അദ്ദേഹത്തിന്റെ ഓർമ ശക്തി നല്ലതായിരുന്നു. നബി(സ)തിരുമേനിയുടേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും പ്രേമിയായിരുന്നു. അഹ്മദിയ്യത്ത് കിട്ടിയതിൽ എപ്പോഴും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിച്ചിരുന്നു. വിശുദ്ധ ഖുർആനും തിരുഹദീഥും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും എപ്പോഴും തലഭാഗത്തുണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ വായന വളരെ വിശാലമായിരുന്നു. ദരിദ്രരേയും നിരാലംബരേയും ആരോരും അറിയാതെ ധനപരമായി സഹായിച്ചിരുന്നു. വിധവകളുടെ കാര്യങ്ങൾ അധികമായി ശ്രദ്ധിച്ചിരുന്നു. സഹായിക്കാൻ എപ്പോഴും തയ്യാറായിരുന്നു. സഹായം എത്രമാത്രം ചെയ്തിരുന്നുവെന്നാൽ പല ആളുകളും കുടുംബങ്ങളും അദ്ദേഹത്തിന്റെ സ്ഥിരമായ സഹായം പറ്റിയിരുന്നു. ഒരാൾ എഴുതുകയും ചെയ്തിട്ടുണ്ട്: അദ്ദേഹത്തിന്റെ കട കത്തിനശിച്ചു. ഒരുപാട് നഷ്ടമുണ്ടായി. അപ്പോൾ ഒരു തുക എനിക്ക് തന്നുകൊണ്ട് പറഞ്ഞു, ഇതിനെക്കുറിച്ച് ഒരിക്കലും പറയരുത്! വീട്ടിൽച്ചെന്ന് പൊതിയഴിച്ചുനോക്കിയപ്പോൾ രണ്ടുലക്ഷം രൂപയായിരുന്നു അത്. കച്ചവടം ശരിയായപ്പോൾ ആ തുക മടക്കിക്കൊടുക്കാൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹം പറഞ്ഞു: 'മടക്കിത്തരാൻ ഞാൻ അത് നല്കിയിട്ടില്ല.'

റാവൽപിണ്ടി ജില്ലയിലെ മുറബ്ബിയാണ് ത്വാഹിർ മഹ്മൂദ് സാഹിബ്. അദ്ദേഹം എഴുതുന്നു: അമീർ സാഹിബ് ശാന്തസ്വഭാവിയായിരുന്നു. ദയാലു. അധികം സംസാരിക്കുകയില്ല. അധികമധികമായി ദുആകൾ ചെയ്യും. ജുമുഅ ദിവസം വളരെ നേരത്തെ മസ്ജിദ് തൗഹീദിലെത്തും. ഭയഭക്തിയോടും വണക്കത്തോടും നഫ്ൽ നമസ്കരിക്കും. വേഗം വേഗം നമസ്കരിക്കുന്നവർക്ക് താൻ തർബിയ്യത്ത് കരസ്ഥമാക്കിയ ഖാദിയാനിലെ സ്വഹാബത്തിന്റേയും മഹാത്മാക്കളുടേയും സംഭവങ്ങൾ കേൾപിക്കുമായിരുന്നു. സാവധാനം നമസ്കരിക്കുന്നവരോടു സന്തോഷം പ്രകടപ്പിക്കുമായിരുന്നു. സുന്നത്താക്കപ്പെട്ട ദുആകളും തസ്ബീഹുകളും ചെയ്യാൻ ഉപദേശിക്കുമായിരുന്നു. ദുആ ചെയ്യുന്നയാളും ദീർഘമായി നമസ്കരിക്കുന്നയാളും ആളുകളെ നമസ്കരിക്കാൻ പ്രേരിപ്പിക്കുന്നയാളുമായിരുന്നു. ദരിദ്രരെ സഹായിക്കുന്ന കാര്യം ഓരോരുത്തരും എഴുതിയിട്ടുണ്ട്. ആരെങ്കിലും നന്ദി പറഞ്ഞാൽ അത് തടയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ പ്രേമിയായിരുന്നു. ആ ഗ്രന്ഥങ്ങളിൽ ജ്ഞാനങ്ങൾ മീറ്റിംഗുകളിൽ പറയുമായിരുന്നു. ഫള്ലെ ഉമർ ഫൗണ്ടേഷന്റെ ഡയറക്ടർ ആയിരുന്നു. അതിന്റെ സെക്രട്ടറി നാസ്വിർ ശംസ് സാഹിബ് എഴുതുന്നു: 2011 ന്റെ തുടക്കം മുതൽ 2019 ന്റെ അവസാനംവരെ ഫള്ലെ ഉമർഫൗണ്ടേഷന്റെ ഡയറക്ടറായിരുന്നു. ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ എല്ലാ മീറ്റിംഗുകളിലും അങ്ങേയറ്റം പ്രായം ചെന്നിട്ടും ക്ഷീണിതനായിട്ടും പതിവായി പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ ദുആകളും വിലപിടിച്ച അഭിപ്രായങ്ങളും പൂർണമായും ഒരു ദശകം ഞങ്ങൾക്ക് ലഭ്യമായിരുന്നു. പരേതൻ ദൈവഭയമുള്ള ആളും ഖിലാഫത്തിനോടു കൂറുപുലർത്തിയിരുന്ന ഖാദിമുമായിരുന്നു. അല്ലാഹുമായുള്ള ബന്ധവും ഭക്തിയോടെയുള്ളനമസ്കാരവും അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായി ഞാൻ നേരിൽ കണ്ടതാണ്. അല്ലാഹു പരേതനോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ മക്കൾക്കും തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

മൂന്നാമത്തെ ജനാസ മുഹമ്മദുദ്ദീൻ സാഹിബിന്റെ മകൻ ഡോക്ടർ ഹമീദുദ്ദീൻ സാഹിബിന്റേതാണ്. അദ്ദേഹം 121 ജെ.ബെ.ഗോഖോവാൽ, ഫയ്സ്വലാബാദ് നിവാസിയായിരുന്നു. 2020 ഫെബ്രുവരി 29 ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* പരേതന്റെ കുടുംബത്തിൽ അഹ് മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവ് മുഹമ്മദുദ്ദീൻ സാഹിബും പിതാമഹൻ ഗുരുദാസപൂർ ജില്ലയിലെ ഹർസിയാനിലെ ഫതഹ്ദീൻ സാഹിബും ഒരുമിച്ചു ബയ്അത്ത് ചെയ്തതിലൂടെയാണ്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കാലഘട്ടത്തിൽ ബയ്അത്തു ചെയ്തു. പരേതൻ ഖാദിയാനിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ മാതാവിന്റെ പിതൃസഹോദരൻ ഹദ്റത്ത് മൗലാനാ മുഹമ്മദ് ഇബ്റാഹീം സാഹിബ് ഖാദിയാനീ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ക്രൈസ്തവമതത്തിന്റെ പ്രസിദ്ധനായ പണ്ഡിതനായിരുന്നു. ദീർഘകാലം ഖാദിയാനിലെ മദ്രസ അഹ്മദിയ്യായിൽ ഉസ്താദായിരുന്നു. ഇന്ത്യാവിഭജനത്തിനുശേഷം പരേതന്റെ കുടുംബം ഫയ്സ്വലാബാദിൽ താമസമാക്കി. ജോലിയുടെ അടിസ്ഥാനത്തിൽ ഡിസ്പൻസറായിരുന്നു.(മരുന്നുകൾ കലർത്തി തയ്യാറാക്കുന്നയാൾ). അതുകൊണ്ട് അദ്ദേഹത്തിന് പ്രദേശവാസികൾക്കെല്ലാം സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ദരിദ്രരെ സൗജന്യമായി ചികിത്സിച്ചിരുന്നു. ലളിതസ്വഭാവവും ദൈവഭയമുള്ള ആളുമായിരുന്നു. കുട്ടിക്കാലം മുതലേ നമസ്കരവും നോമ്പും അനുഷ്ഠിച്ചിരുന്നു. അല്ലാഹുവിന്റെ ചിഹ്നങ്ങളെ ആദരിച്ചിരുന്നു. ഖിലാഫത്തിനോടു അതിയായ സ്നേഹമായിരുന്നു. ദയാലുവും അല്ലാഹുവിൽ സകലവും ഭരമേല്പിക്കുന്ന വ്യക്തിയുമായിരുന്നു. സത്യസന്ധനും വിശ്വസ്തനുമായിരുന്നു. ആർക്കും ഒന്നും നിഷേധിക്കുമായിരുന്നില്ല. ക്ഷേമകാംക്ഷിയായിരുന്നു. എല്ലാവരേയും സഹായിക്കാൻ ശ്രമിക്കുമായിരുന്നു. ജമാഅത്തിന്റെ വിവിധ ഔദ്യോഗിക സ്ഥാനങ്ങളിൽ അദ്ദേഹം സേവനം ചെയ്തു. അദ്ദേഹത്തിന്റെ ഒരു മകൻ കരീമുദ്ദീൻ ശംസ് സാഹിബ് മുറബ്ബിയാണ്. ഇപ്പോൾ ടാൻസാനിയായിൽ സേവനം ചെയ്തുവരുന്നു. കർമരംഗത്ത് വ്യാപൃതനായ കാരണത്താൽ പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ഒരു ജാമാതാവും മുറബ്ബിയും ഒരാൾ മുഅല്ലിമുമാണ്. ഒരു ദൗഹിത്രൻ റബ്വ ജാമിഅ അഹ്മദിയ്യായിൽ ശാഹിദ് ക്ലാസിൽ വിദ്യാർഥിയാണ്. ഒരുപാട് പൗത്രന്മാരും പൗത്രിമാരും ദൗഹിത്രന്മാരും ദൗഹിത്രിമാരും വഖ്ഫെ നൗ പദ്ധതിയിൽ അംഗങ്ങളാണ്. അല്ലാഹു പരേതനോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. തന്റെ തലമുറകൾക്ക് കൂറോടെ തങ്ങളുടെ ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. (ആമീൻ).

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

**രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.**
**വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.**

**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 ഒക്ടോബർ 9 തിങ്കളാഴ്ച:

അപ്പോൾ പിന്നെ പുറത്താക്കുന്ന ശിക്ഷാ നടപടിയും ഏറ്റു വാങ്ങേണ്ടി വരും. ഇക്കാര്യങ്ങളിൽനിന്ന് രക്ഷിക്കാൻവേണ്ടി പരിമിത സമയത്തിലും വിവാഹം ചെയ്യാൻ അനുവദിക്കാറുണ്ട്. അവർ സംസ്കരണത്തിന്റെ വഴിയിൽ വരാനാണിത്. ആരാണോ പിന്നോട്ടടിക്കുന്നത് അവർ നിർഭാഗ്യരാണ്. അവർ പിന്നോട്ടടിക്കുകയും ചെയ്യും. ബയ്അത്ത് ചെയ്തവർ ഒരു വർഷം പൂർത്തിയാക്കി കഴിയുമ്പോൾ പിന്നെ നാഷണൽ അമീറോ സ്വദ്റോ അനുവാദം നല്കുന്നു. ഒരു വർഷം പൂർത്തിയാകാതിരിക്കുകയും വിവാഹം കഴിക്കുകയും ചെയ്യണമെങ്കിൽ കാലത്തിന്റെ ഖലീഫയുടെ അനുവാദം വാങ്ങൽ അനിവാര്യമാണ്.

☆ ഒരു മുബല്ലിഗ്: നമ്മുടെ മസ്ജിദിൽ ചില അനഹ്മദികൾ സഹായം എന്ന നിലയിൽ സക്കാത്ത് വാങ്ങാൻ വരാറുണ്ട്. സക്കാത്തിൽ നിന്നുള്ള ഒരു പങ്ക് അവർക്ക് കൊടുക്കാൻ നമുക്ക് പാടുണ്ടോ?

**ഹുദൂർ:** സക്കാത്തിന്റെ കാര്യം നിങ്ങളുടെ നിയന്ത്രണത്തിലല്ല. അതിൽനിന്ന് നിങ്ങൾക്ക് സ്വയം കൊടുക്കാൻ കഴിയില്ല. സക്കാത്ത് പോലെയുള്ള തുക ഞങ്ങൾക്ക് തരാൻ കഴിയില്ലെന്നും അത് ഞങ്ങളുടെ നിയന്ത്രണത്തിലല്ലെന്നും പറയുക. നിങ്ങൾ സ്വന്തം സ്വദഖകളുടേയും മറ്റും പ്രാദേശിക ഫണ്ടുകൾ ഉണ്ടാക്കുക. അതിൽനിന്ന് നല്കാൻ ഉദ്ദേശിക്കുന്നതു നല്കുക.

പുതിയ ബയ്അത്തു സംബന്ധമായ ഒരു ചോദ്യത്തിനു മറുപടി നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങൾക്ക് തൃപ്തി വരുന്നില്ലെങ്കിൽ അത് മർക്കസിലേക്കയക്കുക. ഇദ്ദേഹം ഇപ്പോൾ നിരീക്ഷണത്തിലാണെന്നും അതുകൊണ്ട് പെന്റിംഗിൽ വെക്കാനും ഒപ്പം എഴുതുകയും വേണം.

യൂറോപ്പിൽ ബയ്അത്ത് ചെയ്യുന്ന അഭയാർഥികളോട് ഞങ്ങൾ പറയാറുള്ളത് കേസ് പാസ്സാകുകയാണെങ്കിൽ മാത്രമേ ബയ്അത്ത് നമ്മൾ സ്വീകരിക്കുകയുള്ളൂ എന്നാണ്. അവരിൽനിന്ന് നമ്മൾ ചന്ദയും വാങ്ങിക്കാറില്ല. അവരുടെ കേസ് പെന്റിംഗിൽ വെക്കുന്നു.

☆ ഒരു മുബല്ലിഗ്: ചില വ്യക്തികൾ ലോട്ടറി ജോലികൾ ചെയ്യുന്നു.

**ഹുദൂർ:** ലോട്ടറി മെഷീൻ ചൂതാട്ടമാണ്. ഇതു ചെയ്യുന്നവർ ഭാരവാഹിയാകാൻ പാടില്ല. ഭാരവാഹിയാണെങ്കിൽ പറയുക. ജോലിക്കാരനെപോലെ പ്രവർത്തിക്കുന്നു എങ്കിൽ കുഴപ്പമില്ല.

പന്നിയുടേയും മദ്യത്തിന്റേയും പണിയെടുക്കു ന്നവരെ സംബന്ധിച്ചുള്ള മാർഗദർശനം ഇതാണ്. അവരിൽനിന്ന് ചന്ദ വാങ്ങിക്കരുത്. അവരുടെ അവസ്ഥ നിർബന്ധിത സാഹചര്യമാണ്. ജമാഅത്തിന് നിർബന്ധിത സാഹചര്യമില്ല. അതുകൊണ്ട് ജമാഅത്ത് അവരിൽനിന്ന് ചന്ദ വാങ്ങുകയില്ല. ചിലർ തൊഴിലാളികൾ എന്ന നിലയിൽ പണിയെടുക്കാറുണ്ട്. അവർ മറ്റ് പണികൾ അന്വേഷിക്കുക. അത്തരം വ്യക്തികൾക്ക് രണ്ടോ മൂന്നോ മാസം സാവകാശം നല്കാവുന്നതാണ്. മദ്യത്തിന്റെ സ്റ്റോറിലാണെങ്കിൽ അവിടെ പണിയെടുക്കുന്നവർ ഇതിൽ നേരിട്ട് ഇടപെടുന്നവരല്ല. ഉദാഹരണമായി ഗ്രോസറി സ്റ്റോറിലെ കാഷ്യറാണെങ്കിൽ പ്രശ്നമില്ല. എന്നാൽ, അയാൾ നേരിട്ട് തന്റെ കൈകൊണ്ടാണ് വില്ക്കുന്നതെങ്കിൽ അയാൾ അതിൽ ഇടപെടുന്നതുകൊണ്ട് അതിൽ പങ്കാളിയായിരിക്കും. എന്നാൽ, അയാൾ മദ്യക്കച്ചവടം നടത്തുന്ന കൌണ്ടറിലല്ലെങ്കിൽ കുഴപ്പമില്ല.

ബാഹ്യദൃഷ്ട്യാ ഇടപെടുന്നവരിൽനിന്ന് ചന്ദ വാങ്ങരുത്. അവർക്ക് ഒരു ഭാരവാഹിത്വവും നല്കരുത്. പ്രവർത്തകൻ എന്ന നിലയിൽ ബന്ധം നിലനിറുത്താൻവേണ്ടി നിലനിറുത്താവുന്നതാണ്. അത്തരം വ്യക്തികൾ ഒരു വിഭാഗത്തിന്റേയും പ്രാതിനിധ്യവും വഹിക്കാവതല്ല.

☆ ഒരു മുബല്ലിഗ്: നമ്മൾ മഗ്രിബ് നമസ്കാരം ലേറ്റായി നിർവഹിച്ചതിനു ശേഷം ദറസ് വെക്കുകയും ശേഷം ഇശാ നമസ്കാരം നിർവഹിക്കുകയും ചെയ്യുകയാണെങ്കിൽ ജമാഅത്തിലെ അംഗങ്ങൾക്ക് എളുപ്പമായിരുന്നു.

**ഹുദൂർ:** നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യ സമയംതന്നെ മഗ്രിബ് നമസ്കരിക്കുക എന്നതായിരുന്നു. നിയ്യത്ത് നല്ലതാണെങ്കിൽ ശരി. രണ്ടാമതൊരു സമയത്ത് നിർവഹിക്കുന്നതിൽ തെറ്റില്ല. എന്നാൽ, ഇശായുടെ സമയം ആകുന്നുണ്ടോ എന്ന് നോക്കേണ്ടതാണ്.

ജമാഅത്തീ വ്യവസ്ഥിതിയിൽ നിന്ന് നീക്കപ്പെട്ട വ്യക്തിയെ കുറിച്ച് ഉണ്ടായ ചോദ്യത്തിന് ഹുദൂർ ഈ വാക്കുകളിൽ മാർഗദർശനം നല്കി: നമസ്കരിക്കാൻ വരുന്നെങ്കിൽ നിസംശയം വരാവുന്നതാണ്. എന്നാൽ, അദ്ദേഹത്തെ ജമാഅത്തീ പ്രവർത്തനത്തിന്റെ അംഗമെന്ന എന്ന നിലയിൽ എടുക്കാവതല്ല. നമ്മൾ അദ്ദേഹത്തെ അഹ്മദിയ്യത്തിൽനിന്ന് നീക്കിയിട്ടില്ല. മറിച്ച് വ്യവസ്ഥിതിയിൽനിന്നുമാണ് നീക്കിയത്.വ്യവസ്ഥിതിയിലുള്ള ചട്ടക്കൂടിൽ അയാളെ ഇടപെടാൻ അനുവദിക്കരുത്. അദ്ദേഹത്തെ തർബിയ്യത്ത് ചെയ്യേണ്ടത് മുറബ്ബിയുടെ പ്രവൃത്തിയാണ്. അദ്ദേഹത്തെ വ്യവസ്ഥിതിയുടെ ഭാഗമാക്കുന്നതിന് അയാളെ കാര്യങ്ങൾ ബോധ്യപ്പെടുത്തുക. ശിക്ഷ ലഭിക്കുന്നവരിൽനിന്ന് വരുന്ന കത്തുകൾക്ക് ഞാൻ നേരിട്ട് മറുപടി കൊടുക്കാറില്ല. ജമാഅത്തീ സംവിധാനത്തിൽനിന്ന് ലഭിച്ച റിപ്പോർട്ടനുസരിച്ച് മാപ്പ് നല്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ കാര്യങ്ങൾ നേരെ ചെയ്യും. ജമാഅത്ത് വ്യവസ്ഥിതിയുടെ അന്തസ്സിനേയും നിലനിറുത്തേണ്ടതാണ്. ഒപ്പം സംസ്കരണവും നടത്തേണ്ടതാണ്.

☆ ഒരു മുബല്ലിഗ്: ഒരു ജമാഅത്തിലെ അംഗസംഖ്യ വളരെ കൂടുതലാണ്. ഉദാഹരണമായി എണ്ണൂറിൽ കൂടുതലാണ്.

**ഹുദൂർ:** തർബിയ്യത്തുപരമായി നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ നിങ്ങൾ അമീർ സാഹിബിനെഴുതി രണ്ടു ജമാഅത്താക്കുക. ചുരുക്കി പറഞ്ഞാൽ നിങ്ങൾ മുബല്ലിഗീങ്ങൾ സ്വന്തം ജമാഅത്തിനു മുന്നിൽ മാതൃകാ വ്യക്തികൾ ആകേണ്ടതാണ്. ഇബാദത്തുകളുണ്ട്, നമസ്കാരങ്ങളുണ്ട്, സ്വഭാവ വൈശിഷ്ട്യങ്ങളുണ്ട്, സംഭാഷണരീതികളുണ്ട്, ദീനീ അറിവുകളുണ്ട്, പൊതു വിവരങ്ങളുണ്ട്, രാഷ്ട്രീയമായുള്ള വിവരങ്ങളും അറിയേണ്ടത് അനിവാര്യമാണ്. ചില സ്ഥലങ്ങളിൽ ജമാഅത്തിനെ പ്രതിനിധാനം ചെയ്ത് നിങ്ങൾ പോകുന്നതുകൊണ്ട് രാഷ്ട്ര സംബന്ധമായ വിവരങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. ജമാഅത്തിലെ എല്ലാ വ്യക്തികൾക്കും നിങ്ങൾ ആരിലേക്കും ചായുന്നതായുള്ള വികാരം കൊടുക്കരുത്. കുടുംബങ്ങൾ തമ്മിൽ പരസ്പരം അകൽച്ചകൾ കണ്ടാൽ അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക. എന്നാൽ, ഇവരിരുവരുടേയും ഇടയിൽ അനുരഞ്ജനം ഉണ്ടാകുന്നതുവരെ വീട്ടിൽപോയി ചായ കുടിക്കരുത്.

ഞാൻ പറഞ്ഞ എല്ലാ കാര്യങ്ങളുടേയും കുറിപ്പുകൾ എല്ലാവരും തയ്യാറാക്കുക. നിങ്ങൾ കേൾക്കുന്ന ഖുത്ബ ജുമുആയുടെ കുറിപ്പുകളും അപ്പപ്പോൾ തയ്യാറാക്കുന്ന ശീലം വളർത്തുക. പിന്നീട് അത് പോയന്റുകളാക്കി ക്രമപ്പെടുത്തുക. നമ്മുടെ യു.കെയിൽ ചില മുബല്ലിഗുമാർ ഖുത്ബയുടെ കുറിപ്പുകൾ തയ്യാറാക്കി ആഴ്ച മുഴുവനും അത് ദറസ് നല്കാനുള്ള വിഷയമാക്കി മാറ്റുന്നു.

അൽഫള്ൽ വായിക്കുക. അൽഫള്ൽ വായിക്കാത്തവരെ അഭിമുഖീകരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറഞ്ഞു: ഞാൻ അൽഫള്ൽ വായിക്കുന്നു. ഏതെങ്കിലുമൊക്കെ വിഷയത്തിൽ എന്തെങ്കിലും പുതിയ കാര്യം എനിക്ക് കിട്ടാറുണ്ട്.

**ഹുദൂർ:** അൽഫള്ൽ പത്രം ആർക്കാണോ വരാത്തത് അവർ മിഷണറി ഇൻചാർജിനോട് പറയുക. ഓൺലൈനിൽ വരുന്നുണ്ട്. അൽഫള്ൽ വായിക്കുന്നതിലൂടെ നിങ്ങളുടെ ഉർദു നന്നാകുന്നു.

വാഗ്ദത്ത മസീഹിന്റെ തഫ്സീറുൽ ഖുർആൻ മുടങ്ങാതെ നിങ്ങളുടെ വായനയിലുണ്ടാകണം. കൂടാതെ ചുരുങ്ങിയത് അരമണിക്കൂറെങ്കിലും ദിനേന വാഗ്ദത്ത മസീഹിന്റെ ഏതെങ്കിലും ഗ്രന്ഥം തീർച്ചയായും വായിച്ചിരിക്കണം.

ഹുദൂറിന്റെ ഈ അഭിമുഖം 8.00 മണിക്ക് അവസാനിച്ചു. ശേഷം മസ്ജിദിലെത്തിയ ഹുദൂർ ആമീൻ പരിപാടിക്ക് സമാരംഭം കുറിച്ചു.

### ആമീൻ പരിപാടി.

ആൺകുട്ടികളും പെൺകുട്ടികളുമായ എല്ലാവരിൽ നിന്നും ഹുദൂർ ഓരോരോ ആയത്ത് ഓതിക്കേട്ടു. ഒടുവിൽ ദുആ ചെയ്തു. പങ്കെടുത്ത ഭാഗ്യശാലികളുടെ പേര് ചുവടെ ചേർക്കുന്നു:

അസീസ് ആശിർ അഹ്മദ്, അസീസ് മുസ്തഫാ ഖവീമുദ്ദീൻ, അസീസ് ഫഹ്ദ് മുബാരിസ് ഭട്ടി, അസീസ് ജുനയ്ദ് സിദ്ദീഖി, അസീസ് മുസ്ത്ഫാ അഹ്മദ്, അസീസ് ശുഅയ്ബ് അസ്ലം ചൗദ്ദരി, അസീസ് അസദ് ചൗദ്ദരി, അസീസ് മുത്വഹർ അഹ്മദ് വാഹ്ല, അസീസ അതീഖ മുആദ് മിർസാ, അസീസ ആഇദ് മഹ്മൂദ്, അസീസ ഫാത്വിമാ സഹ്റാ, അസീസ ജാദിബാ മൻശാദ്, അസീസ ലബീന മൻസ്വൂർ അഹ്മദ്, അസീസ മശ്അൽ വഖാർ, അസീസ രിള്വാന മുആദ് മിർസാ, അസീസ സബീക്ക അഹ്മദ്, അസീസ സയ്യിദ മലാഹത്ത്, അസീസ നാഇലാ അമത്തുൽ ഹയ്യ്, അസീസ ഫറഹ് ഈമാൻ അഹ്മദ്, അസീസ അദീല അമത്തുൽ ഹയ്യ്.

തുടർന്ന് ഹുദൂർ അയ്യദഹുല്ലാഹ് മഗ്രിബ് ഇശാഅ് നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. പിന്നീട് വിശ്രമ സ്ഥലത്തേക്ക് തിരിച്ചു.

## 2018 ഒക്ടോബർ 30 ചൊവ്വാഴ്ച

രാവിലെ 6.30-ന് മസ്ജിദ് ബയ്ത്തുർറഹ്മാനിൽ അമീറുൽ മുഅ്മിനീൻ സുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഓഫീസ് സംബന്ധമായ കത്തുകൾ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിൽ വ്യാപൃതനായ ഹുദൂർ ആവശ്യമായ നിർദേശങ്ങളും നല്കി.

മസ്ജിദ് റഹ്മാനിൽ നിന്ന് ഏകദേശം 50 മൈൽ അകലെ മജ്ലിസ് അൻസ്വാറുല്ലാ യു. എസ്. എ യുടെ നേതൃത്വത്തിൽ ജാപ്പാ പ്രദേശത്തുള്ള ഒരു അരുവിയുടെ തീരത്ത് ഒരു ഹൗസിംഗ് സ്കീമിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. അവിടുത്തെ നിർമാണത്തിലിരിക്കുന്ന എല്ലാ വീടുകളും അഹ്മദികളുടേതാണ്. 48 വീടുകളാണ് നിർമിക്കുന്നത്. ഒരു കമ്യൂണിറ്റി സെന്ററും മസ്ജിദുമുണ്ട്.

ഇന്ന് അവിടെ ഹുദൂർ സന്ദർശിക്കുന്നുണ്ട്. 9.30-ന്

---

‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ജാപ്പയിലേക്ക് പുറപ്പെട്ട ഹുദൂർ വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ നോക്കിക്കണ്ടു. ഏകദേശം ഒരു മണിക്കൂറിനുശേഷമാണ് 10.30–ന് അവിടെ എത്തിയത്. ഇതു വരെ 14 വീടുകളുടെ നിർമാണമാണ് പൂർത്തിയായത്. ഒരു ബ്ലോക്കിൽ നാലു വീടുകളും രണ്ടു ബ്ലോക്കുകളിൽ അഞ്ചഞ്ച് വീടുകളുമുണ്ട്. അവയുടെ നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തിയ ഹുദൂർ ഹൗസിംഗ് പദ്ധതിയുടെ തീരുമാനങ്ങളും പ്ലാനിംഗുകളും പരിശോധിച്ചു.

ഹുദൂർ ഇഅ്ജാസ് അഹ്മദ് ഖാൻ സാഹിബിന്റെ വീട്ടിൽ അല്പസമയം ചെലവഴിച്ചു. തുടർന്ന് നോർത്ത് വെസ്റ്റ് റീജ്യണൽ നാളിം അഅ്‌ലാ അൻസ്വാറുല്ലായുടെ വീട്ടിലും ഹുദൂർ സന്ദർശനം നടത്തി. ബാൾട്ടിമൂറിലെ ജമാഅത്തിന്റെ മുൻപ്രസിഡന്റ് ഡോക്ടർ അമീൻ ബേഗിന്റെ വീട്ടിലും കുറച്ചു സമയം ഹുദൂർ ചെലവഴിച്ചു.

ശേഷം ഘാനയിൽ ഏകദേശം14 വർഷം മജ്‌ലിസ് നുസ്റത്ത് ജഹാനിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹൈസ്കൂളുകളിൽ പ്രിൻസിപ്പാളായിരുന്ന അബ്ദുർറഫീഖ് ജദ്റാൻ സാഹിബിന്റെ വീട്ടിലും ഹുദൂർ അല്പ സമയം ചെലവഴിച്ചു. ആ വീട്ടുകളിൽ ഒന്ന് യു. എസ്. എ ജമാഅത്തിന്റെ ഗസ്റ്റ് ഹൗസ് എന്ന നിലയിലും നിലനിറുത്തിയിട്ടുണ്ട്. ഹുദൂർ അതും നോക്കിക്കണ്ടു. ഇവിടുത്തെ ആദ്യ ബ്ലോക്കിലുള്ള ഒരു വീട് കേന്ദ്ര ഗസ്റ്റ് ഹൗസ് എന്ന നിലയിലും നിർമിച്ചിട്ടുണ്ട്. ഈ ബിൽഡിംഗും വിശദമായി ഹുദൂർ നോക്കിക്കണ്ടു. അകത്തെ പോർഷനെ കുറിച്ച് ചില മാർഗദർശനങ്ങളും നല്കി.

അവിടെ ഹാജരുണ്ടായിരുന്ന മജ്‌ലിസ് അൻസ്വാറുല്ലാഹ് അംഗങ്ങൾക്ക് ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യം ലഭിച്ചു. 11.30–ന് അവിടുന്ന് മടങ്ങിയ ഹുദൂർ 12.30–ന് ബയ്ത്തുർറഹ്മാനിലെത്തി. ഹുദൂർ ഓഫീസിലേക്ക് മടങ്ങി. അവിടെ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്ക് സമരംഭം കുറിച്ചു.

## കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

ഈ സെഷനിൽ 62 കുടുംബത്തിലെ 294 പേരും 76 പേർ വ്യക്തിപരമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി. ഇവരെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

അമേരിക്കയിലെ താഴെ പറയുന്ന ജമാഅത്തിലെ അംഗങ്ങളാണ് ഇന്ന് നടന്ന കൂടിക്കാഴ്ചയിൽ പങ്കെടുത്തത്. സെൻട്രൽവിർജീനിയ, നോർത്ത് വിർജീനിയ, ഓഷ്കോഷ്, ഫിലാഡെൽഫിയ, റിച്ച്മണ്ഡ്, റിസർച്ച് ട്രയാംഗിൾ, റോച്ചസ്റ്റർ, സൗത്ത് വിർജീനിയ, തോൾസാ ജമാഅത്തുകളെ കൂടാതെ വാഷിംഗ്ടണിൽനിന്നും പാക്കിസ്താനിൽ നിന്നുമുള്ള ചില വ്യക്തികളും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ഇവരിൽ ഏറ്റവും ദൂരെ നിന്നു വന്നവർ ഏകദേശം 1200 മൈൽ 19 മണിക്കൂർ യാത്ര ചെയ്ത് എത്തിയവരാണ്.

## കൂടിക്കാഴ്ച നടത്തിയവരുടെ വിശ്വാസ വർധക സംഭവങ്ങൾ

സെൻട്രൽ വിർജീനിയായിൽ നിന്നു വന്ന സയ്യിദ് ദാവൂദ് അഹ്മദ് സാഹിബ് തന്റെ അനുഭവം ഇങ്ങനെ വിവരിക്കുന്നു: 'ജീവിതത്തിലെ ആദ്യ മുലാഖാത്തായിരുന്ന ഇതിലെ ഓരോ നിമിഷവും സുവർണ നിമിഷങ്ങളായിരുന്നു. വളരെ മുമ്പേയുള്ള എന്റെ ഒരു സ്വപ്നത്തിന്റെ പുലർച്ചയുമായിരുന്നു ഈ മുലാഖാത്ത്. ഞങ്ങൾക്ക് ഈ ദിനം വളരെ അനുഗ്രഹം നിറഞ്ഞ ദിനമാണ്.'

ഒരു സ്നേഹിതൻ മലിക് ഫാറൂഖ് മുനീർ സാഹിബ് പറയുന്നു: 'ഹുദൂറിന്റെ അനുഗൃഹീത മുഖ കമലത്തിൽ ദൃഷ്ടി പതിഞ്ഞതും അവിടത്തെ അനുഗൃഹീത അസ്തിത്വത്തിൽ നിന്ന് പ്രകാശകിരണങ്ങൾ സ്ഫുരിക്കുന്നതായി തോന്നി. ഇന്ന് ഞാൻ എന്നെ വളരെ ഭാഗ്യവാനായി കരുതുന്നു. നീണ്ടകാലത്തിനു ശേഷം എനിക്ക് കാലത്തിന്റെ ഇമാമിനെ കാണാൻ സാധിച്ചിരിക്കുന്നു.'

അറ്റ്ലാന്റാ ജോർജിയയിൽനിന്ന് നീണ്ട ദൂരം യാത്ര ചെയ്തു വന്ന അത്വാഉൽ ഫഹീം സാഹിബ് പറയുന്നു: 'മുലാഖാത്തിനു വേണ്ടി ഓഫീസിൽ പ്രവേശിച്ചതും ഹുദൂറിന്റെ മുഖകമലത്തിലുണ്ടായിരുന്ന പ്രകാശത്തിന്റെ ആധിക്യം കാരണത്താൽ കൂടുതൽ നേരം ഹുദൂറിലേക്ക് നോക്കാൻ കഴിഞ്ഞില്ല.'

റിച്മണ്ട്, വിർജീനിയായിൽ നിന്ന് വന്ന ഉമർ ഖലീൽ സാഹിബ് പറയുന്നു: 'എന്റെ ആദ്യ മുലാഖാത്തായിരുന്നു ഇത്. എന്റെ സന്തോഷം വാക്കുകളിൽ നല്കുക പ്രയാസമാണ്. ഞാൻ ഹുദൂറിനോട് മോതിരത്തിന് അപേക്ഷിച്ചു. ഹുദൂർ എന്റെ മോതിരം വാങ്ങി മസീഹ് മൗഊദി(അ)ന്റെ മോതിരത്തോട് മുട്ടിച്ച് തിരിച്ചു നല്കി.'

മെരീലാന്റിൽ നിന്ന് വന്ന അലി ചൗദ്‌രി സാഹിബ് പറയുന്നു: 'ഹുദൂറിന്റെ ഓഫീസിൽ പ്രവേശിച്ചതും സമയം നിശ്ചലമായതുപോലെ എനിക്കു തോന്നി. ഹുദൂർ ഒരു പുതിയ ആത്മീയലോകത്ത് പ്രവേശിക്കുന്നതു പോലെ എനിക്കു അനുഭവപ്പെട്ടു. ദർബാറെ ഖിലാഫത്തിന്റെ ആത്മീയ പ്രകാശവും പ്രശോഭിത കാഴ്ചകളും വിവരണാതീതമാണ്. ജമാഅത്തിലെ ഓരോ വ്യക്തിയെപ്പറ്റിയും ഹുദൂർ ചിന്താകുലനാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ പോലും ഹുദൂറിന്റെ ദൃഷ്ടി പതിയാറുണ്ട്. ആ അവസരത്തിൽ ഹുദൂർ എന്റേയും ഭാര്യയുടേയും ജോലി സംബന്ധമായും ചോദിച്ചറിഞ്ഞു.'

ദാവൂദ് അഹ്മദ് സാഹിബ് കുടുംബത്തോടൊപ്പമാണ് ഹുദൂറിനെ കണ്ടത്. അദ്ദേഹം പറയുന്നു:

ഞങ്ങൾ 15 വർഷമായി അമേരിക്കയിൽ താമസിച്ചു വരുന്നു. എന്നാലിത് ഹുദൂറുമായുള്ള ആദ്യമുലാഖാത്താണ്. ഞങ്ങൾ ഹുദൂറിനോട് ദുആക്കപേക്ഷിച്ചു.'

അവരുടെ മകൾ പറയുന്നു: 'ഹുദൂറിന്റെ അനുഗൃഹീത മുഖകമലത്തിൽ പ്രകാശത്തിനുമേൽ പ്രകാശമായിരുന്നു. ഈ മുലാഖാത്ത് വളരെ ജാലവിദ്യ നിറഞ്ഞതും സുന്ദരവുമായിരുന്നു. ഹുദൂർ ഞങ്ങളോട് വളരെ സ്നേഹത്തിൽ പെരുമാറി. ഈ മുലാഖാത്തിന്റേയും പ്രിയ ഇമാമിന്റെ സ്നേഹത്തിന്റെ രേഖയും ഞങ്ങളുടെ ഹൃദയത്തിൽ എന്നേക്കുമായി പതിഞ്ഞു.'

മുലാഖാത്തിന്റെ ഈ പ്രോഗ്രാം 3.30 വരെ നീണ്ടു നിന്നു. ശേഷം ബയ്ത്തുർറഹ്മാനിൽ ളുഹ്ർ–അസ്വ്ർ നമസ്കാരങ്ങൾ ഹുദൂർ ജംആക്കി നമസ്കരിപ്പിച്ചു.

## നാഷണൽ ആമില മജ്‌ലിസ് അൻസ്വാറുല്ലാഹ് യു. എസ്. എഹുസൂറുമൊത്ത് കൂടിക്കാഴ്ച

6.20 ന് ഹുദൂർ മീറ്റിംഗ് ഹാളിലെത്തി. മീറ്റിംഗിന് ആരംഭം കുറിച്ചു കൊണ്ട് ഹുദൂർ ദുആ ചെയ്യിച്ചു. ആദ്യമായി ഹുദൂർ ഖാഇദ് ഉമൂമിയോട് ചോദിച്ചു:'ആകെ എത്ര മജ്‌ലിസുകളുണ്ട്?എല്ലാവരുടേയും റിപ്പോർട്ട് വരാറുണ്ടോ?നിങ്ങൾ മർക്കസിൽ റിപ്പോർട്ട് അയക്കാറുണ്ടോ?

☆ ഖാഇദ് ഉമൂമി:'അമേരിക്കയിൽ ആകെ 73 മജ്‌ലിസാണുള്ളത്. ഇതിനെ 13 റീജ്യണായി തിരിച്ചിരിക്കുന്നു. മജ്‌ലിസുകളിൽ നിന്നെല്ലാം റിപ്പോർട്ട് വരുന്നുണ്ട്. കൃത്യമായി മർക്കസിലും റിപ്പോർട്ട് അയക്കാറുണ്ട്.'

**ഹുദൂർ:** 'റിപ്പോർട്ട് വരുന്നുണ്ട്. പ്രവർത്തനം നടന്നാലും ഇല്ലെങ്കിലും?'

☆ ഖാഇദ് ഉമൂമി:'എല്ലാ മജ്‌ലിസുകളിലും വിവിധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവയെപ്പറ്റി മജ്‌ലിസുകളുടെ റിപ്പോർട്ടിലുണ്ട്.'

☆ ഖാഇദ് തഅ്‌ലീമുൽഖുർആൻ: 'ഹുദൂറിന്റെ നിർദേശത്തിന്റെ വെളിച്ചത്തിൽ ഞങ്ങളുടെ ടാർഗറ്റ് നൂറു ശതമാനം അൻസ്വാറുല്ലാഹ് അംഗങ്ങളും തിലാവത്തുൽ ഖുർആൻ ചെയ്യണമെന്നാണ്. ഇപ്പോഴത്തെ റിപ്പോർട്ടനുസരിച്ച് 62 ശതമാനം അംഗങ്ങൾ ദിനേന തിലാവത്ത് ചെയ്തു വരുന്നുണ്ട്.'

**ഹുദൂർ:** 'വഖ്ഫെ ആർസിയും നിങ്ങളുടെ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. എത്ര അൻസ്വാർ വഖ്ഫെ ആർസി ചെയ്തു.

☆ ഖാഇദ് സാഹിബ് തഅ്‌ലീമുൽ ഖുർആൻ:'ആകെ 52 അൻസ്വാർ വഖ്ഫെ ആർസി ചെയ്തു. ഈ വർഷത്തെ നിലവാരം ഞങ്ങളുടെയടുക്കലില്ല.'

**ഹുദൂർ:** 'നിങ്ങൾ ഇക്കാര്യത്തിലേക്കും ശ്രദ്ധ പതിപ്പിക്കുക. വഖ്ഫെ ആർസി ചെയ്യുന്നവരുടെ എണ്ണം വർധിപ്പിക്കുക. ഇതും നിങ്ങളുടെ വിഭാഗത്തിന്റെ ഉത്തരവാദിത്വമാണ്.'

ഖാഇദ് തഅ്‌ലീമിനോട് ഹുദൂർ: 'വിദ്യാഭ്യാസത്തെ കുറിച്ചുള്ള നിങ്ങളുടെ പദ്ധതി എന്താണ്?

☆ ഖാഇദ് തഅലീം: 'ഞങ്ങൾ ഈ വർഷത്തേക്ക് കശ്തിയെനൂഹും അതിൽ പറഞ്ഞിട്ടുള്ള ഖുർആനിക വചനങ്ങളും സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആദ്യം ഞങ്ങൾ ഇതിനെ 6 മാസത്തേക്കാണ് നിശ്ചയിച്ചത്. എന്നാൽ, ഹുദൂറിന്റെ 'കശ്തിയെ നൂഹ്' വായിക്കണമെന്നുള്ള ജുമുഅ ഖുത്വ്ബ ആഹ്വാനത്തിനു ശേഷം മുഴുവർഷത്തേക്കുമായി വ്യാപിപ്പിച്ചു.'

☆ ഖാഇദ് തഅ്‌ലീം:'1542 അൻസ്വാർ അത് വായിച്ചു. ഇത് 50 ശതമാനമാണ്.അൻസ്വാർ വ്യവസ്ഥാപിതമായി ഓൺലൈൻ പരീക്ഷ നടത്തുകയുണ്ടായി.'

☆ ഖാഇദ് തർബിയ്യത്ത്:'ഞങ്ങളുടെ രണ്ട് ടാർഗറ്റാണ് ഇതിലുള്ളത്. ഒന്ന്, അൻസ്വാർ ഖുത്വ്ബ കേൾക്കുക. രണ്ട് വസിയ്യത്ത് വ്യവസ്ഥിതിയിൽ അംഗങ്ങളാകുക.'

**ഹുദൂർ:** നിങ്ങൾ നമസ്കാരം ജമാഅത്തായി നിർവഹിക്കുന്ന കാര്യത്തിലും ശ്രദ്ധ പതിപ്പിക്കാത്തതെന്താണ്? ഇക്കാര്യത്തിലേക്കും പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.'

☆ ഖാഇദ് തർബിയ്യത്ത്: 'ജുമുഅ ഖുത്വ്ബയുമായി ബന്ധപ്പെട്ട് എല്ലാ മാസവും അൻസ്വാർ ചുരുങ്ങിയത് ഒരു ഖുത്വ്ബ കേൾക്കുന്നു എന്ന് വിലയിരുത്തി.'

**ഹുദൂർ:** 'ഒരു ഖുത്വ്ബയിൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്നതെന്താണ്?എല്ലാ ഖുത്വ്ബയിലും ശ്രദ്ധിക്കാത്തതെന്താണ്? നൂറ് ശതമാനം അൻസ്വാറും ഖുത്വ്ബ കേൾക്കണം. എല്ലാ ഖുത്വ്ബയും കേൾക്കണം. നൂറ് ശതമാനം അൻസ്വാർ ഖുത്വ്ബ കേൾക്കണം എന്ന ടാർഗറ്റാണ് നിങ്ങൾ വെക്കേണ്ടത്.'

☆ സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ്: ഞങ്ങൾ വിലയിരുത്തിയത് ചുരുങ്ങിയത് മാസത്തിൽ ഒരു ഖുത്വ്ബ കേട്ട് അത് കുടുംബക്കാരുമായി ചർച്ച ചെയ്യുന്നത് എത്ര പേരാണ് എന്ന് മാത്രമായിരുന്നു. ഞങ്ങൾ ടാർഗറ്റ് വെച്ചത് ഖുത്വ്ബ കേട്ടിട്ട് ദിനേന ജീവിതത്തിന്റെ ഭാഗമാക്കുക എന്നതായിരുന്നു. ഖുത്വ്ബയെ കൃത്യമായി അവരുടെ കുടുംബക്കാരുമായി ചർച്ച ചെയ്യുക എന്നതായിരുന്നു.'

☆ ഖാഇദ് തർബിയ്യത്ത്: 'ഇടത്തരം ജമാഅത്തുകൾക്ക് മൂന്നും വലിയ ജമാഅത്തുകൾക്ക് അഞ്ചും അംഗങ്ങൾ മൂസിയാക്കുക എന്ന ടാർഗറ്റാണ് നല്കിയത്.

**ഹുദൂർ:** '65 വയസ്സിനു മുകളിലെത്തിയ അൻസ്വാറിനോടു വസിയ്യത്ത് ചെയ്യാൻ പറയേണ്ടതില്ല. ജനങ്ങൾ അവരുടെ പ്രായത്തിന്റെ ആദ്യ ഘട്ടത്തിൽതന്നെ വസിയ്യത്തിൽ അംഗമാകട്ടെ.

'ജമാഅത്തായുള്ള നമസ്കാരം നിലനിറുത്തുന്നതിലേക്ക് പ്രത്യേകം ശ്രദ്ധ നല്കുക. അൻസ്വാറിനെ വിശുദ്ധ ഖുർആൻ, ഹദീഥ്, വാഗ്ദത്ത് മസീഹിന്റേയും ഖുലഫാക്കളുടേയും നിർദേശങ്ങൾ മുഖേന

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

അഞ്ചു നേരനമസ്കാരവും ജമാഅത്തായി നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിക്കാൻ കൃത്യമായി ഉണർത്തിക്കൊണ്ടിരിക്കുക. ഈ നിർദേശങ്ങൾ എല്ലാ നാസിറിലേക്കും എത്തുകയും അവരത് വായിക്കുകയും വേണം.

'നാഷണൽ തലത്തിലും പ്രാദേശിക തലത്തിലും ഇത് ഉറപ്പു വരുത്തുക. മജ്‌ലിസെ ആമിലയുടെ ഓരോ അംഗവും കൃത്യമായി അഞ്ചുനേര നമസ്കാരവും നിർവഹിക്കുന്നവരാകണം. അവയിൽ മൂന്ന് നേര നമസ്കാരം ചുരുങ്ങിയത് മൂന്ന് നേരം ജമാഅത്തായി നിർവഹിക്കുന്നവരാകണം. പ്രത്യേകിച്ചും സുബ്ഹി, മഗ്‌രിബ്, ഇശാഅ്.

'യു.കെ മജ്‌ലിസ് അൻസ്വാറുല്ലായുടെ ഇജ്തിമാവേളയിൽ ഞാൻ പ്രസംഗിച്ചിരുന്നു. അത് കേൾക്കുക. അതിന്റെ ഇംഗ്ലീഷ് തർജമ ചെയ്ത് എല്ലാ നാസിറിനും എത്തിക്കുക.'

☆ ഖാഇദ് തർബിയ്യത്ത് നൗ മുബായിയീൻ:'കഴിഞ്ഞ മൂന്ന് വർഷമായി 45 നവ അഹ്മദികളാണുള്ളത്. ഞങ്ങൾ അവർക്ക് ഫ്രീ ഇസ്‌ലാമിക് ഓൺലൈൻ കോഴ്സും whyahmadi.org ന്റെ സൈറ്റ് കാണാനും ഉണർത്താറുണ്ട്.'

**ഹുദൂർ:** 'നവഅഹ്മദികൾക്ക് നമസ്കരിക്കാൻ അറിയണം. അവർക്ക് വാഗ്ദത്ത മസീഹിന്റെ വാദങ്ങളെ കുറിച്ചും ഉദ്ദേശ്യങ്ങളെ കുറിച്ചും അറിവുണ്ടാകണം.'

☆ഖാഇദ് നൗ മുബായിയീൻ, ഹുദൂർ അന്വേഷിച്ചതനുസരിച്ച് പറഞ്ഞു:'ഈ വർഷത്തെ 11 നവ അഹ്മദികളുമായും കൃത്യമായ ബന്ധമുണ്ട്.'

☆ഖാഇദ് തബ്‌ലീഗ്: 'അൻസ്വാർ ഹുദൂറിന്റെ ഖുത്ബ കൃത്യമായി കേൾക്കുക, തബ്‌ലീഗിൽ പങ്കെടുക്കുക, ഗ്രൂപ്പ് തബ്‌ലീഗ് ചെയ്യുക, ജൽസയുടെ അവസരത്തിൽ അതിഥികളെ കൊണ്ടു വരിക തുടങ്ങിയവയാണ് ഈ വർഷത്തെ ടാർഗറ്റ്.

☆ ഹുദൂർ ചോദിച്ചപ്പോൾ ഖാഇദ് തബ്‌ലീഗ് പറഞ്ഞു: 'ആകെ 165 ദായിയീനെ ഇലല്ലാഹ് ഉണ്ട്. അൻ സ്വാറുല്ലാഹ് മുഖേന 11 പേർ ബയ്അത്ത് ചെയ്തിട്ടുണ്ട്.

☆ഹുദൂർ ചോദിച്ചപ്പോൾ ഖാഇദ് തഹ്‌രീക്കെ ജദീദ് പറഞ്ഞു: '1632 അൻസ്വാർ തഹ്‌രീക്കെ ജദീദിൽ അംഗങ്ങളാണ്. ചുരുങ്ങിയത് 90 ശതമാനം അൻസ്വാർ തഹ്‌രീക്കെ ജദീദിൽ അംഗമാകണം എന്നതാണ് ഞങ്ങളുടെ ടാർഗറ്റ്.

☆ ഹുദൂർ ചോദിച്ചപ്പോൾ ഖാഇദ് തബ്‌ലീഗ് പറഞ്ഞു: 'ഞങ്ങൾ ഹുദൂറിന്റെ ഖുത്ബയിൽ നിന്നുള്ള ഭാഗങ്ങളും പരിശുദ്ധരായ വ്യക്തികളുടെ സംഭവങ്ങളും മുഖേന ആളുകളെ ജാഗരൂകരാക്കാറുണ്ട്.'

**ഹുദൂർ:** അൻസ്വാറുല്ലായെ തഹ്‌രീക്കെ ജദീദിൽ അംഗമാക്കാനും അവരെ ഊർജസ്വലരാക്കാനും വിവിധ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. അവർ എല്ലാ മാസവും തഹ്‌രീക്കെ ജദീദിന്റെ ചന്ദയടക്കാൻ ശ്രമിക്കേണ്ടതാണ്. എല്ലാ മജ്‌ലിസുകളിലും നിങ്ങൾ നാളിമുമാരെ ആക്ടീവ് ആക്കിയാൽ നിങ്ങൾക്ക് ഉദ്ദേശ്യം പൂർത്തിയാക്കാൻ കഴിയും.'

☆ഹുദൂർ ചോദിച്ചപ്പോൾ ഖാഇദ് വഖ്ഫെ ജദീദ് പറഞ്ഞു: '2435 അൻസ്വാർ വഖ്ഫെ ജദീദിൽ അംഗമായി. ഈ വർഷം 1600 അൻസ്വാറാണ് അംഗത്വം എടുത്തത്.'

**ഹുദൂർ:** 'ഇതുവരെ നിങ്ങളുടെ ടാർഗറ്റ് അൻപത് ശതമാനം പോലും ആയിട്ടില്ല.'

☆ഖാഇദ് സാഹിബ് വഖ്ഫെ ജദീദ്: 'പൊതുവെ ജനങ്ങൾ അവസാനത്തെ മൂന്ന് മാസമാണ് ചന്ദ അടക്കുക. അതുകൊണ്ട് ഇൻശാഅല്ലാഹ് എണ്ണത്തിൽ വർധന ഉണ്ടാകും.'

**ഹുദൂർ:** നൂറു ശതമാനം അൻസ്വാർ അംഗങ്ങൾ എന്തു കൊണ്ട് അംഗങ്ങളല്ല. നൂറു ശതമാനം പേരും അംഗങ്ങളാകേണ്ടതാണ്.

☆ഖാഇദ് ദഹാനത്ത് വ സ്വിഹത്തെ ജിസ്മാനി: '30 ശതമാനത്തിലധികം അൻസ്വാർ വ്യായാമം ചെയ്യുന്നവരാണ്. കൂടാതെ അൻസ്വാറിന്റെ പ്രശ്നങ്ങളും മറ്റും കേൾക്കാൻ ഒരു ഹെൽപ് ലൈനും ഞങ്ങൾ തുറന്നിട്ടുണ്ട്.'

☆ ഹുദൂർ ചോദിച്ചപ്പോൾ ഓഡിറ്റർ പറഞ്ഞു: 'ലോക്കൽ ജമാഅത്തുകൾ സന്ദർശിക്കാറില്ല. പ്രത്യുത ലോക്കൽ ജമാഅത്തുകളിൽനിന്ന് മൂന്ന് മാസം കൂടുമ്പോൾ റിപ്പോർട്ട് ലഭിച്ചു കൊണ്ടിരിക്കുന്നു. ആവശ്യാനുസരണം ചില മജ്‌ലിസുകളിൽനിന്ന് കൂടുതൽ വിശദീകരണങ്ങൾ വാങ്ങാറുണ്ട്. ചിട്ടയോടെ ഓഡിറ്റ് പ്രവൃത്തി നടക്കുന്നുണ്ട്.'

**ഹുദൂർ:** 'ചിട്ടയായി ജമാഅത്തുകൾ സന്ദർശിച്ച് ഓഡിറ്റ് നടത്തുക എന്നതും ഓഡിറ്ററിന്റെ ഒരു പ്രവൃത്തിയാണ്.'

**ഹുദൂർ:** സ്വന്തം തജ്നീദ് പൂർത്തിയാക്കാൻ എന്താണ് ചെയ്യാറുള്ളത്?

☆ഖാഇദ് തജ്നീദ്:'നൂറു ശതമാനം അൻസ്വാറിന്റേയും വിവരങ്ങൾ ശേഖരിക്കണമെന്നാണ് ഞങ്ങളുടെ ടാർഗറ്റ്. അതിനുവേണ്ടി ഞങ്ങൾ തജ്നീദ് ഡ്രൈവ് പരിപാടി സംഘടിപ്പിക്കുന്നു. വീടുകൾ തോറും കയറിയിറങ്ങി തജ്നീദ് പൂർത്തിയാക്കാൻ മജ്‌ലിസുകളോട് പറയാറുണ്ട്. ഓൺലൈനായും അൻ സ്വാറിന്റെ തജ്നീദ് അപ്ഡേറ്റ് ചെയ്യാറുണ്ട്. ഇപ്രകാരം തജ്നീദ് പൂർത്തിയാക്കുന്നു.'

☆ ഖാഇദ് ഈഥാറിനോട് ഹുദൂർ ചോദിച്ചു: 'വാട്ടർ ഫോർ ലൈഫ് പോലുള്ള എന്തെങ്കിലും പരിപാടികൾ നിങ്ങൾ തുടങ്ങിയിട്ടുണ്ടോ?'

☆ഖാഇദ് ഈഥാർ: ഈ വർഷം ഞങ്ങൾ പാക്കിസ്താനിൽ ഒരു കിണർ കുഴിപ്പിച്ചു. പതിനായിരം ഡോളറിന്റെ ബഡ്ജറ്റാണ് ഞങ്ങളുടേത്.'

**ഹുദൂർ:** 'ഇത്ര വലിയ മജ്‌ലിസിൽ സാമ്പത്തികമായി ഇത്രയും കഴിവുള്ളവർ ഒരു കിണർ കുഴിച്ചാൽ പോര. നിങ്ങൾ വലിയ ഏതെങ്കിലും പ്രൊജക്റ്റ് ഏറ്റെടുക്കുക. ഒരു കിണറിന്റെ ചെലവ് ഒരു വ്യക്തിക്കുതന്നെ നല്കാൻ കഴിയും.

☆ഖാഇദ് ഈഥാർ: 'പ്രായമായവരേയും രോഗികളേയും കാണുക എന്നത് ഞങ്ങളുടെ ഈ വർഷത്തെ പദ്ധതിയാണ്. കൂടാതെ ആക്ടീവല്ലാത്ത അംഗങ്ങളുമായി ബന്ധപ്പെടാനും പരിപാടിയുണ്ട്.'

**ഹുദൂർ:** യു.എസ്.എയിലെ അൻസ്വാറുല്ലാഹ് ആഫ്രിക്കയിൽ മോഡൽ വില്ലേജ് നിർമാണത്തിന്റെ ചെലവുകൾ ഏറ്റെടുക്കുക. അൻസ്വാറുല്ലാഹ് യു.കെ അഞ്ചു ലക്ഷം പൗണ്ട് ചെലവഴിച്ച് ബുർക്കിനോ ഫാസോയിൽ ഒരു ഹോസ്പിറ്റൽ നിർമിക്കുന്നു. അതുകൊണ്ട് ഏതെങ്കിലും വലിയ പ്രൊജക്റ്റുകൾ ഏറ്റെടുക്കുക.'

☆ഹുദൂർ ചോദിച്ചപ്പോൾ ഖാഇദ് ഇശാഅത്ത് പറഞ്ഞു: 'മൂന്ന് ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉണ്ട്. അതിൽ ഒരെണ്ണം ഒരു ഈ ന്യൂസ് ലെറ്ററാണ്. മറ്റൊന്ന് ഒരു വാർഷിക മാഗസീൻ 'അന്നഹൽ' ആണ്. അതിൽ സാലാന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. ഈ ന്യൂസ് ലെറ്റർ 3300 അൻസ്വാറിന് വിതരണം ചെയ്യുന്നു. ഇത് 33 ശതമാനം അൻസ്വാറും വായിക്കുന്നു.'

**ഹുദൂർ:** 'ജനങ്ങൾ റിപ്പോർട്ടുകളിലും മറ്റും താൽപര്യം കാണിക്കാറില്ല. അതുകൊണ്ട് താൽപര്യം വർധിപ്പിക്കുന്ന വിഷയങ്ങളും അതിൽ ഉൾപ്പെടുത്തുക. അൽഹക്കം പത്രം വായിക്കാനും അൻസ്വാറിനെ പ്രേരിപ്പിക്കുക.'

☆ഹുദൂർ ചോദിച്ചപ്പോൾ ഖാഇദ് മാൽ പറഞ്ഞു: 'കഴിഞ്ഞ വർഷം 2500 അൻസ്വാർ, അൻസ്വാർ ചന്ദ നല്കി. ഈ വർഷം 2700 പേരെയാണ് ടാർഗറ്റ് ചെയ്യുന്നത്. ആളോഹരി ഒരു അൻസ്വാർ 303 ഡോളർ ഒരു വർഷം ചന്ദ നല്കുന്നു. എന്നാൽ, വരുമാനമില്ലാത്ത അൻസ്വാറിനെ ഒഴിവാക്കിയിട്ടാണെങ്കിൽ ഏകദേശം 453 ഡോളറാകുന്നുണ്ട്.വരുമാനമില്ലാത്തവർക്ക് 36 ഡോളറാണ് വാർഷിക ചന്ദയായി നിശ്ചയിച്ചിട്ടുള്ളത്.'

**ഹുദൂർ:** 'ചന്ദയെ സംബന്ധിച്ച് ജനങ്ങളുടെ ശ്രദ്ധ സ്നേഹത്തോടെ തിരിക്കേണ്ടതാണ്. സമ്മർദം ചെലുത്തരുത്. ചന്ദയുടെ പ്രാധാന്യം പറഞ്ഞു കൊണ്ടിരിക്കുക.'

☆ഹുദൂർ ചോദിച്ചപ്പോൾ ഐ ടിയുടെ മുആവിൻ സ്വദ്ർ പറഞ്ഞു: 'അൻസ്വാറുല്ലായുടെ വെബ് സൈറ്റ്, റിപ്പോർട്ടിംഗ്, സർവെ തുടങ്ങിയവയാണ് നോക്കുന്നത്.'

**ഹുദൂർ:** 'ഓരോ മാസവും എത്ര പേർ നിങ്ങളുടെ വെബ് സൈറ്റിൽ വരുന്നുണ്ട്.'

മുആവിൻ: 'അതിനെപ്പറ്റി എനിക്കറിയില്ല.'

ഹുദൂർ:'ഇപ്പോൾ ഇത്തരത്തിലുള്ള വിവരശേഖരണം വളരെ എളുപ്പമാണ്.'

☆നാഇബ് സ്വദ്ർ സ്വഫെ ദോം:'എന്റെ ഉത്തരവാദിത്വത്തിൽ മാൽ, തഹ്‌രിക്കെ ജദീദ്, വഖ്ഫെ ജദീദ്, ത്വാഹിർ സ്കോളർഷിപ്പ് ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റ് എന്നിവയാണ്.'

☆ഹുദൂർ ചോദിച്ചപ്പോൾ നാഇബ് സ്വദ്ർ പറഞ്ഞു: 'ത്വാഹിർ സ്കോളർഷിപ്പിനു കീഴിൽ ജോലികളിൽ നിന്ന് ഒഴിവാക്കിയ അൻസ്വാറിനെ സഹായിച്ചു വരുന്നുണ്ട്. അവർ ജോലിയില്ലാത്തവരായിരിക്കും. ഏതെങ്കിലും പുതിയ വിദ്യയോ ജോലിയോ പഠിക്കാൻ ആഗ്രഹിക്കുന്നവരായിരിക്കും.'

☆നാഇബ് സ്വദ്ർ സ്വഫെ ദോം:'എന്റെ ചുമതലയിലുള്ളത് ആരോഗ്യ വിഭാഗമാണ്.കൂടാതെ നാഷണൽ ഇജ്തിമായിലെ നാളിമെ അഅ്‌ലായുമാണ്.'

**ഹുദൂർ:**'നിങ്ങളുടെ എത്ര അൻസ്വാർ കായിക പരിശീലനം ചെയ്യുന്നുണ്ട്? സൈക്ലിംഗ് എത്ര പേർ ചെയ്യുന്നുണ്ട്?

☆ നാഇബ് സ്വദ്ർ: '30 ശതമാനം അൻസ്വാർ. ചില മജ്‌ലിസുകളിൽ ലോക്കൽ ക്ലബ്ബുകളുണ്ട്. അവിടെ സൈക്കിളിംഗ് മറ്റും നടക്കുന്നുണ്ട്.

ഈ മീറ്റിംഗിൽ റീജ്യണൽ നാളിമീനെ അഅ്‌ലായും പങ്കെടുത്തിരുന്നു. ഹുദൂർ ക്രമാനുഗതം ഓരോരുത്തരേയും പരിചയപ്പെട്ടു. അവരുടെ റീജ്യണിലെ മജ്‌ലിസുകളേയും ഓരോ മജലിസിന്റേയും തജ്നീദിനേയും കുറിച്ച് ചോദിച്ചറിഞ്ഞു. വീണ്ടും ഹുദൂർ ചോദിച്ചു: എത്ര മജ്‌ലിസുകളാണ് ആക്ടീവായിട്ടുള്ളത്? ഹുദൂർ പറഞ്ഞു: 'ഏറ്റവും ആദ്യം റീജ്യണൽ നാളിം അഅ്‌ലാ കർമനിരതനാകേണ്ടതാണ്.'

ഒരു റീജ്യണൽ നാളിം അഅ്‌ലായോട് ഹുദൂർ ചോദിച്ചു: താങ്കളുടെ റീജ്യണിലുള്ള അൻസ്വാർ ജമാഅത്തായി നമസ്കരിക്കാറുണ്ടോ?'

റീജ്യണൽ നാളിം അഅ്‌ലാ: എല്ലാ അൻസ്വാറും നമസ്കരിക്കാറില്ല.

**ഹുദൂർ:** 'ടുമാലയിൽ ഒരു ചെറിയ മസ്ജിദുണ്ടായിരുന്നു. നമസ്കാരക്കാരെക്കൊണ്ട് അത് നിറഞ്ഞിരുന്നു. അതുകൊണ്ട് അൻസ്വാറിനെ തുടർച്ചയായി ഓർമിപ്പിച്ചു കൊണ്ടിരിക്കേണ്ടതാണ്. ജമാഅത്തായുള്ള നമസ്കാരം ഏറ്റവും പ്രധാനമാണ്. എല്ലാവരും അഞ്ചു നേരവും നമസ്കരിക്കുക. അവയിൽ ഏറ്റവും ചുരുങ്ങിയത് സുബ്ഹി, മഗ്‌രിബ്, ഇശാഅ് നമസ്കാരങ്ങൾ ജമാഅത്തായി നമസ്കരിക്കുക. എല്ലാ മജ്‌ലിസിലും ആമിലാ അംഗങ്ങൾ അഞ്ചു നേരവും ജമാഅത്തായി നമസ്കരിക്കുമെങ്കിൽ നിങ്ങളുടെ എണ്ണം വർധിക്കും. ഇത് നിങ്ങളുടെ ഡ്യൂട്ടിയാണ്. ഇതിൽ ശ്രദ്ധചെലുത്തുക. അതനുസരിച്ച് പ്രവർത്തിക്കുക.'

മജ്‌ലിസെ ആമിലയുമായുള്ള ഈ മീറ്റിംഗ് 7.20 ന് അവസാനിച്ചു. എല്ലാ അംഗങ്ങളും ഹുദൂറുമൊത്ത് ഫോട്ടോയും എടുത്തു.

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**

**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Calicut (Kerala)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 09 April 2020 Issue-15

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

## വാഖിഫാത്തെ നൗ ക്ലാസ്

തുർന്ന് ഹുദൂർ മസ്ജിദിന്റെ പുരുഷന്മാരുടെ ഹാളിലെത്തി. അവിടെ പരിപാടി അനുസരിച്ച് വാഖിഫാത്തെ നൗയിന്റെ ക്ലാസ് സംഘടിപ്പിച്ചിരുന്നു. അസീസ ആബിയാ ശാകിർ വർക്കിന്റെ തിലാവത്തോടുകൂടി വാഖിഫാത്തെ നൗ ക്ലാസാരംഭിച്ചു. ഉർദു തർജമ അസീസ സയ്യിദാ മഹറുന്നിസായും ഇംഗ്ലീഷ് തർജമ അസീസ മാഹിറാ നാസിര് മോഹറും അവതരിപ്പിച്ചു.

തുടർന്ന് അസീസ ഫായിഖാ മാഹം സയ്യിദാ ചു വടെ ചേർക്കുന്ന ഹദീഥ് വായിച്ചു. നബി(സ) പറഞ്ഞു: 'നന്മയുടെ കാലത്തിനുശേഷം യുദ്ധത്തിന്റേയും കലഹത്തിന്റേയും പ്രചാരണങ്ങൾ നടക്കുന്ന കാലഘട്ടം വരുന്നതായിരിക്കും. ഇത്തരം അവസരത്തിൽ ദൈവത്തിന്റെ ഏതെങ്കിലും ഖലീഫയെ കണ്ടാൽ അദ്ദേഹവുമായി ഒട്ടിച്ചേരുക. നിങ്ങളുടെ ശരീരം ഛേദിച്ചെടുത്താലും നിങ്ങളുടെ എല്ലാ ധനവും കവർന്നെടുത്താലും ശരി നിങ്ങൾ അദ്ദേഹത്തെ ഉപേക്ഷിക്കരുത്.(മുസനദ് അഹ്മദ് ബിൻ ഹമ്പൽ, മുസനദുൽ അൻസ്വാർ ഹദീഥ് ഹുദയ്ഫ).

അസീസ മലാഹത്ത് മഹമൂദ് ഇതിന്റെ ഇംഗ്ലീഷ് തർജമ വായിച്ചു. തുടര്ന്ന് അസീസ ആഇശാ ഫാത്വിമ ഗോന്ദൽ സാഹിബ വാഗ്ദത്ത മസീഹിന്റെ ഗദ്യശകലം വായിച്ചു. ഹുദൂർ(അ) പറയുന്നു: 'അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹമൊന്നുകൊണ്ടുമാത്രമാണ് ഈ അനുഗ്രഹത്തിൽനിന്ന് എനിക്ക് പങ്കു ലഭിച്ചത്. എന്റെ എന്തെങ്കിലും കഴിവുകൊണ്ടല്ല. എനിക്കു മുമ്പേയുള്ള നബി, റസൂൽ തുടങ്ങിയ ദൈവത്തിന്റെ വരിഷ്ഠ ദാസന്മാർക്ക് ലഭിച്ചതാണിത്. എന്റെ സയ്യിദും മൗലായും ഫഖ്റുൽഅമ്പിയായും ഖയ്റുൽവറായുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ വഴികൾ ഞാൻ പിൻപറ്റിയില്ലായിരുന്നുവെങ്കിൽ എനിക്ക് ഈ അനുഗ്രഹങ്ങൾ നേടാൻ ഒരിക്കലും സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ഞാനെന്തു നേടിയോ അത് അവിടുത്തെ അനുധാവനത്താൽ നേടിയതാണ്. ഒരു മനുഷ്യനും ആ നബി(സ)തിരുമേനിയെ പിൻപറ്റാതെ ദൈവത്തോളംഎത്തിപ്പെടുകയില്ലെന്ന് ഞാനെന്റെ സത്യസന്ധവും പൂർണവുമായ അറിവോടെ മനസ്സിലാക്കുന്നു. സമ്പൂർണ ആത്മീയ ജ്ഞാനവും കരസ്ഥമാക്കാൻ സാധിക്കുകയില്ല.' (ഹഖീഖത്തുൽ വഹ്യ്,റൂഹാനി ഖസാഇൻ, വാള്യം 22, പേജ്–64, 65)

അസീസ ഖുർറത്തുൽ ഐൻ ഉബയ്ദുല്ലാഹ് ഇതിന്റെ ഇംഗ്ലീഷ് തർജമ വായിച്ചു. ശേഷം അസീസ ശമായില അഹ്മദ് ഉർദു പദ്യം ആലപിച്ചു. അതിന്റെ ഇംഗ്ലീഷ് തർജമ അസീസ അറൂസ മലിക് സമർപിച്ചു.

അസീസ ഥംറീൻ ശീറാസ് ഉർദു ഭാഷയിൽ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ എന്ന വിഷയത്തിൽ പ്രസംഗിച്ചു. അസീസ മദീഹ അളീം ഖുറയ്ശി, അസീസ റൗഹ ഫരീദ, അസീസ ആലിയാ ഥംറീൻ അഹ്മദ് 'ഖിലാഫത്ത്–നമ്മുടെ ജീവനാഡി' എന്ന ശീർഷകത്തിൽ പ്രഭാഷണം നടത്തി. തുടർന്ന് വാഖിഫാത്തെ നൗ കുട്ടികളുടെ ചോദ്യങ്ങൾക്കുള്ള അവസരമായിരുന്നു.

ഒരു വാഖിഫാനൗ: 'സ്കൂളിൽ ഗ്രൈഡ് നല്ലതല്ലെങ്കിൽ എന്തു ചെയ്യണം?

**ഹുദൂർ:** 'കൂടുതൽ അധ്വാനിക്കുക. നിങ്ങൾ അധ്വാനിച്ചാൽ അല്ലാഹു അതിന്റെ ഫലം നല്കുന്നതാണ്.

ഒരു വാഖിഫാനൗ: 'നമുക്ക് അറിയാവുന്നതുപോലെ നമുക്ക് നമ്മുടെ നാടിനോട് കൂറു പുലർത്തണം. എന്നാൽ, ഇവിടെ ഇത്രയധികം പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ നിലനില്ക്കുമ്പോഴും നമുക്ക് നമ്മുടെ നാടിനോട് എങ്ങനെ കൂറു പുലർത്താൻ കഴിയും?'

**ഹുദൂർ:** 'പ്രശ്നങ്ങൾ രാഷ്ട്രീയ പാർട്ടികളുടേതാണ്. അല്ലെങ്കിൽ രാഷ്ട്രീയക്കാരുടേതാണ്. നിങ്ങൾ രാജ്യത്തോട് കൂറുപുലർത്തേണ്ടതു തന്നെയാണ്. രാജ്യത്തോട് കൂറുകാണിക്കുക എന്നത് വിശ്വാസത്തിന്റെ ഭാഗമാണെന്ന് ഹദ്റത്ത് മുഹമ്മദ്(സ) അരുളിയിട്ടുണ്ട്. നിങ്ങളുടെ ചിന്തയിൽ രാഷ്ട്രീക്കാർ ശരിയല്ലെങ്കിൽ അല്ലെങ്കിൽ അവർ സമൂഹത്തിന്റെ സമാധാനം നശിപ്പിക്കുന്നുവെങ്കിൽ അതുമല്ലെങ്കിൽ വിശ്വസ്ഥതയോടെ ജനങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നില്ലെങ്കിൽ തന്നെയും നിങ്ങൾ ഭരണകർത്താക്കൾക്കെതിരെ നിൽക്കാൻ പാടില്ല എന്നാണ് നബി(സ)തിരുമേനിയുടെ നിർദേശം. സമൂഹത്തിന്റെ സമാധാനം നശിപ്പിക്കരുത്. നിങ്ങൾ പ്രതീക്ഷവെച്ചു പുലർത്തുക. ദുആ ചെയ്യുക. അടുത്ത തിരഞ്ഞെടുപ്പ് വരുമ്പോൾ രാജ്യത്തിനും സമൂഹത്തിനും മനുഷ്യത്വത്തിനും പ്രയോജനം ചെയ്യുന്ന കൂറുള്ള വ്യക്തികളെ തിരഞ്ഞെടുക്കുക.'

ഒരു വാഖിഫനൗ:'Surrogate(ഗർഭപാത്രം വാടകയ്ക്കെടുക്കൽ) ഇസ്ലാമിൽ പാടില്ലെന്ന് നമുക്കറിയാം. എന്നാൽ, മറ്റാരെങ്കിലും തങ്ങളുടെ കുടുംബ ജീവിതം തുടങ്ങാൻ ബീജം ഡൊണേറ്റ് ചെയ്യാൻ ആഗ്രഹിക്കുകയാണെങ്കിൽ ഇതു സംബന്ധമായുള്ള ഇസ്ലാമിന്റെ അധ്യാപനം എന്താണ്?'

**ഹുസൂർ:** 'ദമ്പതികളിൽ ആർക്കെങ്കിലും കുട്ടിജനിക്കാത്ത സാഹചര്യമുണ്ടെങ്കിൽ പുരുഷൻ അല്ലെങ്കിൽ സ്ത്രീക്ക് കുറച്ച് ചികിത്സയുണ്ട്. IVF പോലെയുള്ള കൃത്രിമ മാർഗങ്ങൾ. അതിൽ ദുർബലമായ ബീജത്തെ ഗർഭപാത്രത്തിലിടുകയാണ് ചെയ്യുന്നത്. എന്നാൽ, ഇസ്ലാം പറയുന്നത് ഗർഭാശയത്തിൽ ഇടുന്ന അണ്ഡവും ബീജവും ഭാര്യാഭർത്താക്കന്മാരുടേതു തന്നെയായിരിക്കണമെന്നാണ്. മറ്റാരുടേയും പാടില്ല.'

ഒരു വാഖിഫ നൗ: 'ആരെങ്കിലും ശാരീരികമായി കൂടുതൽ അംഗവൈകല്യമുള്ളവരാണെങ്കിൽ അവരെ വേദനയില്ലാതെ മരിക്കാൻ അനുവദിക്കാവുന്നതാണെന്ന് ഞാൻ സ്കൂളിൽ പഠിച്ചിരുന്നു. ഇത് ഇസ്ലാമിൽ അനുവദനീയമാണോ?

**ഹുദൂർ:** 'ഈ ജനത അതിനെ 'മേഴ്സി കില്ലിംഗ്'(ദയാവധം) എന്നാണ് വിളിക്കുന്നത്. ഇസ്ലാമിൽ ഇതിന് അനുവാദമില്ല. നിങ്ങളുടെ ജീവിതം നിലനില്ക്കുന്നതുവരെ നിങ്ങളുടെ ശ്വസമുള്ളതുവരെ അല്ലാഹു നിങ്ങളെ ജീവനോടെ വെച്ചിരിക്കുന്നതുവരെ നിങ്ങൾ ജീവിക്കേണ്ടതാണ്. ഒരു തരത്തിലുള്ള കൃത്രിമ മാർഗത്തിലൂടേയിം സ്വന്തത്തെ കൊല്ലാൻ പാടില്ല. വിഷം കൊണ്ടോ വെടിവെച്ചോ മറ്റൊരു മാർഗത്തിലും പാടില്ല. ഇത് ആത്മഹത്യയാണ്.'

ഒരു വാഖിഫ നൗ: 'ഇതുവരെ കണ്ട സ്ഥലങ്ങളിൽ താങ്കൾക്ക് ഏറ്റവും നല്ലതായി തോന്നിയ സ്ഥലം ഏതാണ്?

**ഹുദൂർ:** 'ലോകം മുഴുവൻ നല്ലതു തന്നെയാണ്. അത് സൃഷ്ടിച്ചിട്ടുള്ളത് അല്ലാഹു തന്നെയാണ്.

ഒരു വാഖിഫ നൗ: 'എന്റെ മകൾ ഇപ്പോൾ സ്കൂളിൽ പോകുന്നു. സ്കൂളിൽ ക്രിസ്മസ്, ഹല്ലോവീൻ (Halloween) പരിപാടികൾ ഉണ്ടാകാറുണ്ട്. എന്റെ മകളെ അതിൽ പങ്കെടുപ്പിക്കാൻ അനുവാദമുണ്ടോ?

ഹുദൂർ: 'Halloween അല്ലെങ്കിൽത്തന്നെ തെറ്റാണ്. ബാക്കി ക്രിസ്തുമസിന്റെ എന്തു പ്രോഗ്രാമാണുള്ളത്?'

അപ്പോൾ വാഖീഫാ നൗ പറഞ്ഞു: 'പാർട്ടി ഉണ്ടാകാറുണ്ട്. അതിൽ ഗിഫ്റ്റുകൾ കൈമാറാറുണ്ട്.'

**ഹുദൂർ:** അവിടെപോയി ഈസാ(അ) ദൈവത്തിന്റെ പുത്രൻ എന്ന് ആലപിക്കരുത്. വെറുതേ പോകാനാണെങ്കിൽ പോകാം. ബാക്കിയുള്ളത് ഗിഫ്റ്റ് കൈമാറലാണ്. നിങ്ങളും അവളുടെ സ്നേഹിതരെ ഈദിന്റെ അവസരത്തിൽ വിളിക്കുക. Halloween തികച്ചും മറ്റൊരു കാര്യമാണ്. അതിന് ഒട്ടും അനുവാദമില്ല.'

ഒരു വാഖിഫാ നൗ: ഇപ്പോൾ ഏറ്റവുമധികം നമുക്ക് ആവശ്യമുള്ളത് ഏതുതരത്തിലുള്ള വിദഗ്ദരെയാണ്?

**ഹുദൂർ:** 'ഏറ്റവുമധികം നമുക്ക് ഡോക്ടർമാരുടേയും അധ്യാപകരുടേയും ആവശ്യമാണുള്ളത്.'

ഒരു വാഖിഫാ നൗ: 'ജമാഅത്തംഗങ്ങൾ എന്ന നിലയിൽ ലോകത്തിലെ യഥാർഥ പ്രശ്നങ്ങളെ സെൻസറിംഗില്ലാതെ ചർച്ചക്കെടുക്കാൻ നമുക്ക് കഴിയുമോ? സാമൂഹിക വിവേചനങ്ങൾ, കുടുംബ പ്രശ്നങ്ങൾ, മർദനങ്ങൾ തുടങ്ങിയവയെ കുറിച്ച് വിശദീകരിച്ച് വിവരിക്കേണ്ടതുണ്ട്. ജമാഅത്തിനുള്ളിൽ നമ്മൾ ഈ വിഷയങ്ങളെ കുറിച്ച് തുറന്ന് സംസാരിക്കാറില്ല എന്ന തോന്നൽ ഉണ്ടാകാറുണ്ട്. എന്നു മാത്രമല്ല ഈ വിഷയങ്ങൾ ഉപേക്ഷിച്ചുകളയലാണ്?

**ഹുദൂർ:** നിങ്ങൾ പറയുന്നത് ആനുകാലിക പ്രശ്നങ്ങൾ പൊതുവേ ജമാഅത്തിന്റെ പ്രോഗ്രാമുകളിൽ ചർച്ചക്കെടുക്കാറില്ലെന്നാണ്; നമുക്ക് അത് എങ്ങനെ പരിഹരിക്കാൻ കഴിയും? ഇസ്ലാം വർഗവിവേചനത്തിനെതിരാണ്. നബി(സ)തിരുമേനി ഹജ്ജത്തുൽ വിദായിൽ ചെയ്ത പ്രഭാഷണത്തിൽ വിശദമായി പറഞ്ഞിരുന്നു, അറബിക്ക് അനറബിയുടെ മേൽ ഒരുവിധ ശ്രേഷ്ഠതയുമില്ല. ഒരു അനറബിക്ക് അറബിയുടെമേലും ഒരുവിധ ശ്രേഷ്ഠതയുമില്ല. അതുകൊണ്ട് ഇസ്ലാമിൽ വർഗവിവേചനത്തിന് ഒരുവിധ സ്ഥാനവുമില്ല. ആരെങ്കിലും വിദ്വേഷം വെച്ചു പുലർത്തുന്നെങ്കിൽ അത് അയാളുടെ വ്യക്തിപരമായ പ്രവൃത്തിയാണ്. നിങ്ങൾ എപ്പോഴെങ്കിലും എന്നിൽനിന്നോ മുമ്പേയുണ്ടായിരുന്ന ഖലീഫമാരിൽനിന്നോ അല്ലെങ്കിൽ വാഗ്ദത്ത മസീഹിൽനിന്നോ വർഗീയ വിദ്വേഷം വമിപ്പിക്കുന്ന എന്തെങ്കിലും കേട്ടിട്ടുണ്ടോ? നിങ്ങൾ കാലത്തിന്റെ ഖലീഫയുടെ കൈയിലാണ് ബയ്അത്ത് ചെയ്തിരിക്കുന്നത്. ലജ്നാ സ്വദ്റിന്റേയോ സ്വദ്ർ ജമാഅത്തിന്റേയോ സെക്രട്ടറിയുടേയോ ജമാഅത്തിന്റെ ഉദ്യോഗസ്ഥരുടേയോ ഏതെങ്കിലും ശാഖാ സംഘടനയുടേയോ കൈയിലല്ല. ആരെങ്കിലും അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അവർ ചെയ്യുന്നത് തെറ്റാണ്. ഇത്തരത്തിലുള്ള ഏതൊരു പ്രശ്നം മുമ്പിൽ വന്നാലും ഞാൻ ശക്തമായിത്തന്നെ അതിനെ ഖണ്ഡിക്കാറുണ്ട്. ആരെങ്കിലും അങ്ങനെ ചെയ്യുകയാണെങ്കിൽ ഇത് അവരുടെ അറിവില്ലായ്മയാണ്; ജമാഅത്തിന്റെ അധ്യാപനത്തിലുള്ള കുറവല്ല. ആരെങ്കിലും അഞ്ചുനേര നമസ്കാരങ്ങൾ നിർവഹിക്കാതിരുന്നാൽ അത് അയാളുടെ വ്യക്തിപരമായ പാപമാണ്. ഇത് ജമാഅത്തിന്റെ അധ്യാപനമല്ല. ജമാഅത്തിലെ എഴുപത് ശതമാനം അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർഥം ജമാഅത്ത് അതിനെ പ്രോത്സാഹിപ്പിക്കുന്നു എന്നല്ല. മറിച്ച് ഇത് അവരുടെ സ്വന്തം ദൗർബല്യമാണ്. ആരും സ്വന്തം ദൗർബല്യം ഇസ്ലാമിന്റേയോ ജമാഅത്തിന്റേയോ അധ്യാപനമാണെന്ന് സ്ഥാപിക്കേണ്ടതില്ല.'

വാഖിഫാത്തെ നൗയിന്റെ ഈ ക്ലാസ് 8.15 വരെ തുടർന്നു. ഹുദൂർ എല്ലാ കുട്ടികൾക്കും ഉപഹാരങ്ങൾ നല്കി. ഇതിനുശേഷം വാഖിഫീനെ നൗവിന്റെ ക്ലാസ് ആരംഭിക്കുകയും ചെയ്തു.

## വാഖിഫീനെ നൗ ക്ലാസ്

അസീസം സജ്ജീൽ ഹയ്ദര് ഖാനിന്റെ തിലാവത്തോടുകൂടി പ്രോഗ്രാം ആരംഭിച്ചു. ഉർദു തർജമ അസീസം ഖ്വാജ ഥമർ ഫറാസും ഇംഗ്ലീഷ് തർജമ അസീസം ഖാലിദ് അഹ്മദ് ഹുസയ്നും അവതരിപ്പിച്ചു. അസീസം ഹിശാം അഹ്മദ് മലിക് ഒരു ഹദീഥ് വായിച്ചു:

'ഹദ്റത്ത് ഹുദയ്ഫ(റ) വിവരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് നിലനില്ക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുകയാണെങ്കിൽ അതിനെ എടുത്തു കളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനില്ക്കും.

തുടരും

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin